വേദപ്രചാര

മദ്ധ്യസ്ഥൻ.



പുസ്തകം ൨.) ൧൯൩൦ ജൂൺ (ലക്കം ൧൨.

License No. 183.

വിഷയവിവരണിക.

1. മഹാത്മാവായ മാർ യൌസേപ്പിന്റെ ജീവചരിത്രം.
(നിവ. ദിശ്രീ. ച. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്)
2. ജപാപ്പസ്തോലസഖ്യം.
(ഫാദർ സ്ഥിറിയക്ക് മണ്ണനാൽ.)
3. സ്വർഗ്ഗീയസ്വയംവരം. (പദ്യം)
(സിസ്റ്റർ മേരി ബനീഞ്ഞാ ടി. ഒ. സി. ഡി.)
4. പാപ്പായോ പാദ്രിയോ?
(വി. സി. ജോർജ്ജ് ബി. ഏ.
5. സ്നേഹഭ്രാന്തു്
(റവ. ഫാദർ ജോർജ്ജ് വയലിൽ)
6. തിരുഹൃദയവാഗ്ദാനവ്യാഖ്യാനം.
(ജോസ് ഏൽ. ശമ്മാശ് മാവുങ്കൽ.)
7. അത്ഭുതകരമായ ഒരു കടുകുമണി.
(റവ. ഫാദർ അഗസ്തിൻ ചങ്ങനാശേരി.
8. ദിവ്യപൂജ.
(വി. ജോബ് പാലാക്കുന്നേൽ.)
9. കത്തോലിക്കുസാഹിത്യം.
10. പത്രാധിപക്കുറിപ്പുകൾ.
11. ഉപന്യാസമത്സരം.
12. ഉപകാരസ്മരണകൾ.
13. കച്ചേരിക്കാര്യം.
14. പഞ്ചാംഗം.
15. പരസ്യങ്ങൾ.

—:(o):—

പഞ്ചാംഗം

ജൂൺ-൧൦.

ഇം.	മല.	
൧.	൧ൻ.	✠ ഞാ. ഉ. ൩—ാംഞാ. അറ. ൧. അറ.
വ്വ.	൨൩	✠ ഞാ. പന്തക്കുസ്താ. കദ്. ൧. (ദശ്ലീഹെ)
		അടുത്ത ബുധൻ ഇ. വി.
൧൫.	൧.	✠ ഞാ. പന്ത. ൧. ഞാ. കദ്. ൨. മെസ്
൧ൻ.	൫.	✠ വ്യാ. ശു. കുർബാനയുടെ തിരുനാൾ.
൨൨.	വ്വ.	✠ ഞാ. പന്ത. ൨. അറ. ൩. അറ.
൨൧.	൧൩.	വെ. തിരുഹൃദ. തിരുനാൾ.
൨ൻ.	൧൫.	... ഞാ. പന്ത. ൩. കദ്. ൪. കദ്.
		ശ്ലീ. പത്രോസ്. പൌ.
		(അടുത്ത വ്യാഴം കടം. വി. തോമ്മാ. ശ്ലീ.)

മദ്ധ്യസ്ഥൻ.

പുസ്തകം ൨.) ൧൯൩൦ ജൂൺ. (ലക്കം ൧൨.

മഹാത്മാവായ മാർയൌസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം ൧൦.

മാതാപിതാക്കന്മാരുടെ മരണം.

൪. അവസാനശുശ്രൂഷ. യാക്കോബിന്റെ ദീനം ദിവസേന വർദ്ധിച്ചുവന്നു. തന്റെ പിതാവിന്റെ വേദനകൾ ലഘൂകരിക്കുന്നതിനു നമ്മുടെ യൌസേപ്പു തന്നത്താൻ കഴിവുള്ള സകല സഹായങ്ങളും ചെയ്തു. പിതാവിന്റെ പാപങ്ങൾക്കുള്ള ദൈവശിക്ഷ മുഴുവനുംതന്നെ ഏല്പിച്ചുകൊണ്ടു തന്റെ പ്രിയ അപ്പന്റെ ആത്മാവിനെ ശുദ്ധീകരസ്ഥലത്തിൽ പ്രവേശിപ്പിക്കാതിരിക്കണമെന്നു നമ്മുടെ യൌസേപ്പ് ദൈവത്തോടു പലപ്രാവശ്യം അപേക്ഷിച്ചു. ഈ പ്രാർത്ഥന ദൈവം സ്വീകരിക്കുകയും യൌസേപ്പിന്റെ ആഗ്രഹംപോലെ പിതാവ് അനുഭവിക്കേണ്ടിയിരുന്ന വേദനകൾ പുത്രനു പകർത്തിക്കൊടുക്കുകയും ചെയ്തു. ഇവ അത്യന്തം ദുസ്സഹമായിരുന്നിട്ടും, പിതാവിനെ അറിയിക്കാതെ യൌസേപ്പ് ഏററം ശാന്തതയോടുകൂടി അതൊക്കയും സഹിച്ചു. ഇങ്ങനെ യാക്കോബിന്റെ ആത്മകടങ്ങളെല്ലാം പരിഹരിക്കപ്പെട്ടപ്പോൾ ആ മഹാത്മാവു തന്റെ എത്രയും പ്രിയപ്പെട്ട പുത്രന്റെ അവസാന ആശ്ലേഷമദ്ധ്യേ മഹാസമാധാനത്തോടെ മരണം പ്രാപിച്ചു.

൫. മരണശേഷം—തന്റെ ഏററം പ്രിയപിതാവ് നിർയ്യാതനായ അവസരത്തിൽ സഹിക്കവഹിയാത്ത ദുഃഖംകൊണ്ടു നമ്മുടെ യുവാവു പൊട്ടിക്കരഞ്ഞുപോയി. എങ്കിലും ദൈവത്തിൽനിന്നല്ലാതെ മററു യാതൊരുവനിൽനിന്നും അവൻ ആശ്വാസം അന്വേഷിച്ചില്ല. മുട്ടിന്മേൽനിന്ന് ഇപ്രകാരം അവൻദൈവത്തെപ്രാർത്ഥിച്ചു. "ഓ! എന്റെദൈവമേ, അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും

ദൈവമേ! ഇതാ എന്റെ പിതാവും മാതാവും എനിക്കുണ്ടായിരിക്കുന്നു. ഈ ലോകത്തിലെ സകല അരിഷ്ടതകളിലുംനിന്ന് അവരെ നീ വിമുക്തരാക്കി. ഇപ്പോൾഞാൻ അപേക്ഷിക്കുന്നത് നീ എന്നെ മുഴുവനുംഅങ്ങയുടെ നേരിട്ട സംരക്ഷണയിൽ ആക്കിക്കൊള്ളണമെന്നാകുന്നു. എന്നെയും എനിക്കുള്ള സകലത്തെയും അങ്ങേയ്ക്കു ഞാൻ പൂർണ്ണമായി കയ്യേല്പിക്കുന്നു. ഇതുപേയ്ക്കുന്നതും നീ എന്നെ എല്ലായ്പോഴും എന്റെ എല്ലാ ശത്രുക്കളിൽനിന്നും രക്ഷിച്ചു പരിപാലിച്ചുവല്ലൊ. ഇനിയും അപ്രകാരംതന്നെ എന്നോടു നീ വർത്തിക്കേണമേ. മേലാൽ നീ മാത്രമാകുന്നു എന്റെ നാഥൻ. "എന്റെ ജനകനും എന്റെ ജനനിയും എന്നെ ഉപേക്ഷിച്ചു. കർത്താവാകട്ടെ എന്നെ പരിരക്ഷിച്ചു" എന്ന രാജദീർഘദർശിയോടൊപ്പം ഞാനും കീർത്തിക്കുന്നതിന് അങ്ങു ഇടവരുത്തണമെ. ഇനിമേലിൽ നീതന്നെ എന്റെ പിതാവും മാതാവും രക്ഷിതാവും ആയിരിക്കേണ്മെ.. ഞാൻ നിന്റെ അടിമയായി ജീവിച്ചുകൊള്ളാം. അങ്ങേതിരുമനസ്സു എല്ലാസംഗതികളിലും നിറവേറുന്നതിനു് അടിയൻ സന്നദ്ധനായിരിക്കുന്നു."

ജപമാലസ്തോത്രം.

(റവ. ഫാദർ സിറിയക്ക് മണ്ണനാൽ)

I.

ഈ സഖ്യത്തിന്റെ സ്വഭാവവും ഇതിൽ കഴിയുന്നതു എല്ലാവരും ചേരേണ്ട ആവശ്യകതയും.

"പ്രാർത്ഥനയുടെ അപ്പസ്തോലാത്തൂസ്" അഥവാ ജപമാലസ്തോത്രം എന്നതു ദൈവസ്തുതിയും ആത്മരക്ഷയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാപിതമായിരിക്കുന്ന ഒരു ഭക്തസഖ്യമാണു്. "അപ്പസ്തോലൻ" എന്ന സംജ്ഞയാൽ നാം സാധാരണ വിവക്ഷിക്കാവുള്ളതു ദൈവസ്തുതിക്കായി പ്രയത്നിക്കുന്ന ഒരാളേയാണു്. ഈ ഉദ്ദേശ്യസിദ്ധിക്കായി വിനിയോഗിക്കപ്പെട്ടുന്ന മാർഗ്ഗങ്ങൾക്കു് ആകമാനമായി പറയുന്ന ഒരുപേരാണു് അപ്പസ്തോലത്വം എന്നതു്. മാർഗ്ഗങ്ങളുടെ വിവിധത്വമനുസരിച്ചു് അപ്പസ്തോലത്വവും പലേവിധത്തിലുണ്ടാവാം. എന്നാൽ നമ്മുടെ ഈ അപ്പസ്തോലത്വത്തിന്റെ പ്രധാനമാർഗ്ഗം പ്രാർത്ഥനയാണു്. എന്നാൽ പ്രാർത്ഥനാശബ്ദത്താൽ ഇവിടെ നിർദ്ദേശിക്കപ്പെട്ടുന്നതു വാഗ്രൂപേണയും മാനസികമാത്രമായും ചെയ്യപ്പെട്ടുന്ന ജപങ്ങളും ധ്യാന

വും മാത്രമല്ല, അപ്പസ്തോലികമായ ഉദ്ദേശ്യത്തോടെ ചെയ്യപ്പെടുന്ന സമസ്ത നന്മപ്രവൃത്തിയും, ക്രിസ്തീയമായ ക്ഷമയോടെ സഹിച്ച് ഈ ഉദ്ദേശ്യസിദ്ധിക്കായി സമർപ്പിക്കപ്പെടുന്ന സർവ്വവിധ പാടുപീഡകളും ഈ പ്രാർത്ഥനാസംജ്ഞയുടെ വ്യാപ്തിയിൽ ഉൾപ്പെടുന്നുണ്ട്. ആകയാൽ നമ്മുടെകർത്താവീശോമ്ശിഹായുടെ സ്നേഹാർദ്രതമമായ ഹൃദയം ഇഹത്തിൽ വി. കുർബാനയിലും പരത്തിൽ തന്റെ പരമപിതാവിന്റെ വലത്തുവശത്ത് ഇരുന്നുകൊണ്ടുംനമുക്കുവേണ്ടി നിരന്തരം ചെയ്യുന്ന പ്രാർത്ഥനയോടു നമ്മുടെ പ്രാർത്ഥന മാത്രമല്ല, നിരൂപണ, വചനം, പ്രവൃത്തി, പാടുപീഡകൾ മുതലായ എല്ലാവറേറയും നാം ചേർക്കുന്നു. ഇങ്ങനെ അവയെല്ലാം നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിന്റെ പ്രാർത്ഥനയിൽ ലയിച്ച് ഒററപ്രാർത്ഥനയായി തീരുന്നു. തന്നിമിത്തം ജപാപ്പസ്തോലസഖ്യം നമ്മുടെ മനോവാക്കായങ്ങളെയും പീഡകളേയും, ഒററവാക്കിൽ പറഞ്ഞാൽ നമ്മുടെ ജീവിതം മുഴുവനേയും, നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിന്റെ പ്രാർത്ഥനയോടു ഏകീകരിക്കുന്നതിനുള്ള ഉപകരണമാണെന്നു സിദ്ധിക്കുന്നു. നാം പാപികളാണ്. നമ്മുടെ പ്രവൃത്തികൾക്കു സ്വയം യാതൊരു യോഗ്യതയും ഇല്ല. എങ്കിലും നമ്മുടെ കർത്താവിന്റെ പ്രാർത്ഥനയോടും അവയേ ചേർത്തു ഒന്നാക്കി പിതാവായ ദൈവത്തിനു സമർപ്പിക്കുന്നതിനു നമുക്കു സാധിക്കുന്നതിനാൽ നമ്മുടെ പാവപ്പെട്ട പ്രവൃത്തികളുടെ യോഗ്യതകൾ അപരിമിതമായി ഭവിക്കുന്നു. ഇങ്ങനെ നമ്മുടെ പ്രവൃത്തികളെ പുണ്യയോഗ്യതാസമ്പന്നമാക്കത്തീർക്കുന്നതിനു വളരെ സഹായിക്കുന്ന ഒരു മാർഗ്ഗമായിരിക്കുന്ന ഈ "ജപാപ്പസ്തോലസഖ്യ"ത്തിൽ കഴിയുന്നത്ര എല്ലാവരും ചേരുന്നതിനു താല്പർയ്യപ്പെടേണ്ടതാണ്.

II.

"ജപാപ്പസ്തോലസഖ്യ"ത്തിന്റെ പ്രത്യേകോദ്ദേശ്യങ്ങൾ.

നമ്മുടെ കർത്താവിന്റെ തിരുഹൃദയം അൾത്താരമേൽ വിശുദ്ധസക്രാരികളിൽ ഇരുന്നുകൊണ്ടു സർവ്വദാ പ്രാർത്ഥിക്കുന്ന രണ്ടുകൂട്ടങ്ങൾതന്നേയാണ്. ൧. ആത്മാക്കളുടെ രക്ഷ. ൨. തിരുസ്സഭയുടെ വിജയം. നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിന്റെ ഈ പ്രാർത്ഥന—"നിന്റെ തിരുനാമം ശുദ്ധമാകപ്പെടണം. നിന്റെ രാജിതംവരണം, നിന്റെതിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലുമാകണം എന്നുള്ളതുതന്നെയാണ്. തിരുഹൃദയത്തിന്റെ സമസ്താഭിലാഷങ്ങളും ഈ പ്രാർത്ഥനാശകലത്തിൽ ഉൾപ്പെടുന്നു. എന്തെന്നാൽ ഈ ചുരുങ്ങിയ വാക്കുകളിൽ അവിടുന്ന് ആഗ്രഹിക്കുന്നതു, അങ്ങേ സ്വർഗ്ഗീയപിതാവിന്റെ നാമം ഭൂമിയിൽ സർവത്ര അറിയപ്പെടുകയും മഹത്വപ്പെടുകയും വാഴ്ത്തപ്പെ

ടുകയും ചെയ്യണമെന്നും, ഇഹലോകത്തിൽ അങ്ങേവരപ്രസാദത്തിന്റെ രാജ്യത്തിലും പരലോകത്തിൽ അങ്ങേ മഹിമയുടെ രാജ്യത്തിലും അവിടുന്നു ആധിപത്യം നിർവഹിക്കണമെന്നും, അങ്ങേ തിരുച്ചിത്തം സർവത്ര സർവദാ സർവസാഹചര്യങ്ങളിലും സർവസൃഷ്ടികളാലും അനുവർത്തിക്കപ്പെടണം എന്നുമാകുന്നു. ഈ അതിപാവനങ്ങളായ ഉദ്ദേശ്യപ്രാപ്തിക്കായി നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തോടു ചേർന്നുകൊണ്ടു നമ്മുടെ വിചാരം, വചനം, പ്രവൃത്തി എന്നിവകളാൽ പരിശ്രമിക്കുന്നതിനേക്കാൾ കൂടുതലായി നമ്മുടെ കർത്താവിനു് ഇഷ്ടകരമായി എന്താണു് ഈ ലോകത്തിൽ നാം ചെയ്യാനുള്ളതു്? നമുക്കു് ഇതിലും ഉപരി ആശ്വാസദായകവും പ്രോത്സാഹജനകവുമായി മറ്റെന്താണുള്ളതു്? പുണ്യവാന്മാരാകുന്നതിനു് ഇതിൽ വലുതായി എന്താണു നമുക്കു ചെയ്യാനുള്ളതു്? ആത്മരക്ഷയ്ക്കായി വേലചെയ്യുന്നതിനു മിഷ്യനറിമാരായി പുറത്തുപോകുന്നതിനോ, പ്രസംഗങ്ങൾ ചെയ്യുന്നതിനോ നമുക്കു സാധിക്കുന്നതല്ലായിരിക്കും. എന്നാൽ നാം ഓരോരുത്തർക്കും ഈ ജപമാലസഖ്യത്തിന്റെ അംഗങ്ങളായി ചേർന്നുകൊണ്ടു് ഇതിന്റെ തുലോം ലഘുവായ കടമകളെ നിർവഹിക്കുന്നതിനും, ഇങ്ങനെ നമ്മുടെ പ്രാർത്ഥനാദികളാൽ കത്തോലിക്കാസഭയുടെ ആ മഹനീയവേലയിൽ നമുക്കും ഭാഗഭാക്കുകളാകുന്നതിനും സാധിക്കും. അജ്ഞാനികളുടെയും അകത്തോലിക്കരുടെയും മാനസാന്തരത്തെ ത്വരിതപ്പെടുത്തുന്നതിനു നമുക്കും സാധിക്കും. പുറജാതിക്കാരേയും എടുത്തുമുട്ടുകാരേയും സത്യത്തിന്റെ വെളിച്ചത്തേക്കു് ആനയിപ്പിക്കുന്നതിനു് നമുക്കും കഴിയും. പ്രിയവായനക്കാരെ, ഈസഖ്യത്തിന്റെ എരിവുള്ള അംഗങ്ങൾ എന്നനിലയിൽ വളരെ എളുപ്പത്തിൽ നമുക്കു നിർവഹിക്കാവുന്ന കായ്ങ്ങളാണു് ഇവ. ലോകം സ്വപ്നേപി വിചാരിക്കുന്നതിലും വലുതായ കായ്ങ്ങളെ നമുക്കു നമ്മുടെ പ്രാർത്ഥനയാൽ സാധിക്കാവുന്നതാണു്. നമ്മുടെ പ്രാർത്ഥനയുടെ ശക്തിയും മാഹാത്മ്യവും കടശിദിവസത്തിൽമാത്രമേ നാം ശരിയായി ഗ്രഹിക്കയുള്ളൂ. പാപപങ്കിലമായ ലോകത്തെ ശിക്ഷിക്കാൻ ഉയരുന്ന ദൈവനീതിയുടെ കരത്തെ എത്രയോ പ്രാവശ്യം ഭക്താത്മാക്കളുടെ തീക്ഷ്ണതാപൂർവമായ പ്രാർത്ഥന തടഞ്ഞുനിറുത്തിക്കൊണ്ടിരിക്കുന്നു! തങ്ങളുടെ വൻതരമായ സേനാസന്നാഹങ്ങളാലും നാവികശക്തിയാലും രാജ്യതന്ത്രപാടവത്താലും ലോകത്തെ ഭരിക്കുന്നു എന്നു് അഭിമാനിക്കുന്നവരേക്കാൾ എത്രയോ അധികമായി ലോകഗതിയെ നിയന്ത്രിക്കുന്നതു പ്രാർത്ഥനാശക്തിയാണു് എന്നുള്ള വസ്തുത ഇന്നു നാം അറിയുന്നില്ലെങ്കിൽ അവസാനകണക്കു കേൾവിയുടെ ആ ഭയങ്കരദിവസം നാം നിശ്ചയമായും ഗ്രഹിക്കും.

ജപാപ്പസ്തോലത്വം എന്ന ഈ തിരുഹൃദയസഖ്യം ഇതാ സകല കത്തോലിക്കർക്കും തങ്ങളുടെ അന്തസ്സിന്റെ കടമാനിർവഹണത്തോടുകൂടിതന്നെ അപ്പസ്തോലവേലയ്ക്കു തീഷ്ണതാപൂർവം തങ്ങളെതന്നെ പ്രതിഷ്ഠിക്കുന്നതിനു സൌകര്യം കൊടുത്തുകൊണ്ടു് എല്ലാവരേയും അതിനായി ക്ഷണിക്കുന്നു. നമ്മുടെ എളിയ പ്രാർത്ഥനകളെ കർത്താവിന്റെ തിരുഹൃദയത്തോടു ചേർന്നു് ഒന്നായി സമർപ്പിക്കാൻ എളുപ്പമാർഗ്ഗത്തെ നമുക്കു ഈ സഖ്യം തുറന്നുതന്നുകൊണ്ടു് അവയേ കൂടുതൽ ഫലപ്രദവും ദൈവത്തിനു പ്രീതികരവുമാക്കിചെയ്യുന്നു.

നമ്മുടെ കർത്താവുതന്നെ ഈ പ്രാർത്ഥനയുടെ അപ്പസ്തോലത്വത്തെ അങ്ങേ ഭൌമികജീവിതത്തിന്റെയും ദൌത്യത്തിന്റെയും ഒരു പ്രധാനചുമതലയായി കരുതിയിരുന്നു. താൻ ഭൂമിയിൽ കഴിച്ചുകൂട്ടിയ മുപ്പത്തിമൂന്നു വത്സരത്തിൽ കടശിയിലത്തെ മൂന്നുമാത്രമെ തന്റെ പരസ്യജീവിതത്തിനും പരശുശ്രൂഷണത്തിനും വിനിയോഗിച്ചുള്ളു. ബാക്കി മുപ്പതുവത്സരക്കാലം മുഴുവനും അവിടുന്നു നരകുലപരിത്രാണാർത്ഥം രഹസ്യമായി പ്രാർത്ഥനയിൽ ഏർപ്പെട്ടിരുന്നു. എന്നാൽ അങ്ങേ പരസ്യജീവിതകാലത്തുപോലും പലപ്പോഴും നാം അങ്ങേ കാണുന്നതു് ആത്മരക്ഷാർത്ഥം പ്രാർത്ഥനയിൽ—അതേ, പകൽസമയം മുഴുവനും പരശുശ്രൂഷണത്തിൽ ചെലവാക്കിയശേഷം രാത്രിമുഴുവനും പ്രാർത്ഥനയിൽ—ലയിച്ചിരിക്കുന്നതായിട്ടാണു്. നമ്മുടെ സ്നേഹംനിറഞ്ഞ രക്ഷകൻ ഒരു മനുഷ്യൻ എന്ന നിലയിൽ ഭൂമിയിൽ കഴിച്ചുകൂട്ടിയ നാളുകളിൽ അനുഷ്ഠിച്ചിരുന്ന ആ കൃത്യംതന്നെ അവിടുന്നു് ഇന്നും വിശുദ്ധകുർബാനയിൽ എഴുന്നെള്ളിയിരുന്നുകൊണ്ടു് അഹോരാത്രം നിർവഹിക്കുന്നു. നമ്മുടെ കർത്താവിന്റെ തിരുഹൃദയം സക്രാരികളിൽ ഒളിഞ്ഞിരുന്നുകൊണ്ടു മനുഷ്യരുടെ നന്മയ്ക്കായി രാപകൽ പ്രാർത്ഥിക്കയും സ്വയം അർപ്പിക്കയും ചെയ്യുന്നു. ആകയാൽ മാന്യവായനക്കാരേ, നമുക്കും ഈ സഖ്യത്തിൽ ചേർന്നു് അനുദിനം ഉഷഃകാലജപത്തോടുകൂടെ ചെയ്യുന്ന ആ കാഴ്ചവെപ്പുവഴി നമ്മുടെ അപേക്ഷകളൊക്കെയും അദ്ധ്വാനങ്ങളും പാടുപീഡകളുമെല്ലാം ന. കർത്താവിന്റെ തിരുഹൃദയത്തിന്റെ പ്രാർത്ഥനകളോടും പാടുപീഡകളോടുംചേർത്തുകൊണ്ടുനിത്യപരമപിതാവിനു സമർപ്പിക്കാം. പിതാവായ ദൈവത്തിന്റെ ഏററംപ്രിയപുത്രനായ മിശിഹായോടു യോജിച്ചുകൊണ്ടു നാം ചെയ്യുന്നപ്രഭാതാർപ്പണംമൂലം നമ്മുടെ പാവപ്പെട്ട—ബലഹീനമായ—അയോഗ്യമായ പ്രാർത്ഥനകൾ, നാം നമുക്കും അന്യർക്കും വേണ്ടി ചെയ്യുന്ന അപേക്ഷകൾ, ദൈവത്തിനു വളരെ പ്രസാദജനകമായി തീരും. സഖ്യാംഗങ്ങൾ എന്ന നിലയിൽ കൂട്ടമായി നാം ചെയ്യുന്ന പ്രാർത്ഥനകൾ, നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകളെക്കാൾ

വളരെ ശക്തികൂടുന്നതാണ്. "എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേരു് ഒരുമിച്ചു കൂടുന്നതായാൽ അവിടെ അവരുടെ മദ്ധ്യത്തിൽ ഞാനുണ്ടായിരിക്കും." എന്നുള്ള ന. ദിവ്യരക്ഷകന്റെ തിരുവാക്യത്തെ (മത്തായി ൧൮: ൨൦.) നാം സർവദാ അനുസ്മരിക്കണം.

III. ജപാപ്പസ്തോലസഖ്യത്തിന്റെ പദവികളും കടമകളും.

ഇത്ര ആത്മോപകാരപ്രദമായ ഈ സഖ്യത്തിൽ ചേരുന്നതിനും അതിന്റെ കടമകളേ നിർവ്വഹിക്കുന്നതിനും ആർക്കും ഒരു വിഷമവും ഇല്ലാത്തവണ്ണം അവ അത്ര ലഘുവാണ്. നമ്മുടെ രൂപതയിൽ ഈ സഖ്യം സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ചേരാൻ ആഗ്രഹിക്കുന്ന ആളുകൾ അവരുടെ ബ. വികാരിയച്ചന്റെ പക്കൽ പേരുകൊടുത്തു സാക്ഷിപത്രം വാങ്ങിക്കണം. അവരുടെ പേരുകൾ ഡയറക്ടർ സഖ്യംവക രജിസ്തരിൽ ചേർക്കുന്നതിനോടേ അവർ അതിന്റെ അംഗങ്ങളായി തീരുന്നു

ഈ സഖ്യത്തിന് മൂന്നു പദവികളുണ്ട്.

ഒന്നാം പദവിയിൽ ചേർന്നാൽ സഖ്യത്തിന്റെ അംഗം എന്നനിലയേ പ്രാപിക്കുന്നുഎന്നും ഈ പദവിയിൽ നിർവ്വഹിക്കാനുള്ള ചുമതല നമ്മുടെ കർത്താവിന്റെ നിയോഗങ്ങൾക്കായി നമ്മുടെ അപേക്ഷകളെയും പാടുപീഡകളെയും നമ്മുടെ ജീവിതത്തേയും ഉഷഃകാല ജപത്തോടുകൂടിയുള്ള കാഴ്ചവെപ്പുമൂലം അങ്ങേക്കു സമർപ്പിക്കണമെന്നുള്ളതു മാത്രമേ ഉള്ളൂ. ഈ കാഴ്ചവെപ്പു എല്ലാവർക്കും വളരെ എളുപ്പത്തിൽ ചെയ്യാവുന്ന ഒന്നാണ്. അതു വളരെ ചുരുങ്ങിയ വാക്കുകളിൽ ചെയ്യാം. ഇതിന്റെ ഒരു മാതൃക സഖ്യാംഗങ്ങൾക്കുതരുന്ന സാക്ഷിപത്രത്തിൽ ചേർത്തിട്ടുള്ളതു എല്ലാവർക്കും വളരെ ഉപകാരപ്രദമായി ഭവിക്കും. ഈ ഒന്നാം പദവിയുടെ കടമകളെ യഥാവിധി നിർവ്വഹിച്ചാൽ തിരുഹൃദയഭക്തിയിൽ ത്വരിതമായ അഭിവൃദ്ധി നമ്മിൽ ഉൽഭൂതമാകും. അപ്പസ്തോലത്വത്തിന്റെ മുദ്രയേ അതു നമ്മുടെ എല്ലാ പ്രവൃത്തികളിലും പതിക്കും. ആത്മീയമായ ഒരു ഊർജ്ജയേയും അതു നമ്മുടെ ജീവിതത്തിൽ നിവേദിപ്പിക്കും. ഈ കാഴ്ചവെപ്പിനെ വേണ്ടപോലെ നാം ചെയ്യുന്നില്ലെങ്കിൽ സഖ്യാംഗങ്ങൾ എന്ന പേരുമാത്രമേ നമുക്കുണ്ടായിരിക്കയുള്ളൂ. നാം വെറും മരിച്ച അംഗങ്ങൾ മാത്രമായിരിക്കും.

രണ്ടാം പദവി

യിൽ ചേരുന്ന അംഗങ്ങൾ ഒന്നാം പദവിയുടെ കടമയ്ക്കു പുറമേ വിശേഷാൽ ചെയ്യേണ്ടതു്, കൊന്ത നമസ്കാരത്തിന്റെ ഒരു ദശകം, അതായതു ഒരു ആകാശങ്ങളിലിരിക്കുന്നതും, പത്തു നന്മ നിറഞ്ഞ മറിയവും

ന. കർത്താവിന്റെ തിരുഹൃദയത്തിന്റെ നിയോഗങ്ങൾക്കായും അതാതു മാസത്തിൽ ശുദ്ധ. മാപ്പുപ്പാ നിശ്ചയിക്കുന്ന പൊതുകരുതലുകൾക്കായും പ്രാർത്ഥിക്കണമെന്നുള്ളതുമാത്രമാണ്. മിക്കവാറും നമ്മുടെ എല്ലാ വീടുകളിലും തന്നെ അനുദിനം കൊന്തനമസ്കാരം എത്തിക്കുന്നുണ്ട്. അങ്ങനെ എത്തിക്കുന്ന ഒരു കൊന്തയുടെ ദശകം ഈ ഉദ്ദേശ്യപ്രകാരം നിയോഗിച്ചാൽ മതി. അനാവശ്യം പ്രാർത്ഥിക്കുമ്പോൾ മനസ്സുകൊണ്ടു ഈ നിയോഗം വയ്ക്കുന്നതു വളരെ നന്നാണെങ്കിലും ചിലപ്പോഴെല്ലാം ഓർമ്മകേടുകൊണ്ടു വിട്ടുപോയി എന്നു വരാവുന്നതാണ്. അതിനാൽ സഖ്യാംഗങ്ങൾ ആകുമ്പോൾത്തന്നെ ഓരോരുത്തരും കൊന്തനമസ്കാരത്തിന്റെ ഇരുപതാം ദശകം ഈ നിയോഗാർത്ഥം ചെയ്യുന്നതാണെന്നു ഒരു പൊതുകരുതൽ ചെയ്യുന്നതു വളരെ നന്നാണ്. വിശുദ്ധ ഗർമ്മിനീ ക്കോസിന്റെ കൊന്തയുടെ വിശേഷവരങ്ങളും ദണ്ഡവിമോചനങ്ങളും ലഭിക്കുന്നതിനു ഓരോ രഹസ്യത്തിന്മേലും ധ്യാനിക്കണമെന്നുള്ള ഈ രണ്ടാം പദവി ആവശ്യപ്പെടുന്ന ദശകത്തെ ബാധിക്കുന്നില്ലെന്നുകൂടിയുള്ളതും അറിഞ്ഞിരിക്കേണ്ടതാണ്.

മൂന്നാം പദവി.

ഇതിൽ ചേരുന്നവർ, തീരെ കുറഞ്ഞപക്ഷം ഒന്നാം പദവിയുടെ കടമകൾക്കു പുറമെ വിശേഷവിധിയായി ചെയ്യേണ്ടതു്, ആഴ്ചയിലൊരിക്കൽ, അല്പാത്തപക്ഷം മാസത്തിലൊരിക്കലെങ്കിലും വിശുദ്ധ കുർബാന ഉൾക്കൊണ്ടു നമ്മുടെ കർത്താവിന്റെ തിരുഹൃദയം വിശുദ്ധ കുർബാനയിൽ പാപികളിൽ നിന്നനുഭവിക്കുന്ന നിന്ദാവമാന ദ്രോഹങ്ങൾക്കു പരിഹാരമായി സമർപ്പിക്കണമെന്നുള്ളതാണ്. അടുക്കലടുക്കലുള്ള കുമ്പസാരം, മാസാദ്യ വെള്ളിയാഴ്ചയിലെ കുമ്പസാരം മുതലായവ മിക്കവാറും എല്ലാ എടവകയിലും ധാരാളം പ്രചാരത്തിലിരിക്കുന്ന സ്ഥിതിക്കു് നമ്മുടെ വിശ്വാസികൾക്കു് ഈ സഖ്യത്തിന്റെ മൂന്നു പദവികളിലും ചേർന്നു് അവയുടെ കടമകളെ നിർവ്വഹിക്കുന്നതിനു് യാതൊരു വിഷമവുമില്ല. മാസത്തിലൊരിക്കലെങ്കിലും കുമ്പസാരിച്ചു് വിശുദ്ധ കുർബാന ഉൾക്കൊള്ളുക എന്ന സുകൃതം മുറയെ അഭ്യസിക്കാൻ തുടങ്ങിയിട്ടില്ലാത്തവർക്കു് ഈ സഖ്യം അതിനു് ഒരു പ്രേരകമായി ഭവിക്കുകയും ചെയ്യുന്നതാണല്ലൊ.

IV

ജൂൺമാസം ഇതാ അടുത്തിരിക്കുന്നു. അതു് നമ്മുടെ കർത്താവിന്റെ തിരുഹൃദയഭക്തിക്കു വിശേഷാൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മാസമാണ്. ജപമുപ്പസ്സോല സഖ്യാംഗങ്ങളുടെ പ്രധാനഭക്തി തിരുഹൃദയഭക്തിയാണു്. തന്നിമിത്തമാണു് ഈ സഖ്യത്തിനു് "തിരുഹൃദയസഭ"



ജൂൻമാസത്തെ പൊതുനിയോഗം.
"തിരുഹൃദയഭക്തരുടെവർദ്ധനവ്"

എന്നർക്കുടെ ഇവിടെ ഒരു പേരുണ്ടായിരിക്കുന്നു. എങ്കിലും അതു ഈ ശോമ്ശിഹായുടെ തിരുഹൃദയത്തിന്റെ അതിസഖ്യം" എന്ന നാമത്തിൽ സ്ഥാപിതമായിരിക്കുന്ന സഭയിൽ നിന്ന് ഭിന്നമായ ഒന്നാണ്. തിരുഹൃദയ ഭക്തിയിലും തദ്വാരാ പുണ്യപൂർണ്ണതയിലും അഭിവൃദ്ധി പ്രാപിക്കുന്നതിന്ന് ഈ "ജപമാലസോലസഖ്യം" വളരെ പറ്റിയഒരുമാർഗ്ഗമാകയാൽ കഴിയുന്നത്ര എല്ലാവരും ഇതിൽ ചേരണമെന്നും അതിന്റെ ലാഭവായ കടമകളെ തീഷ്ണതാപൂർവ്വംനിറവേറ്റണമെന്നും നമ്മുടെ കർത്താവിന്റെ സ്നേഹം നിറഞ്ഞ തിരുഹൃദയത്തിൽ എല്ലാവരോടും അപേക്ഷിച്ചുകൊണ്ട് തല്ക്കാലം വിരമിക്കുന്നു.

ശുപതാഡയറക്ടർ.

സ്വർഗീയസ്വയംവരം.

(സിസ്റ്റർ മേരി ബനീഞ്ഞാ ടി. ഒ. സി. ഡി.)

കുളിച്ചുണക്കിമോടിയാൎന്നമാലചേൎത്തുപിന്നിയി—
ട്ടളിയ്ക്കുമത്തലേകുമാറിരുണ്ടുനീണ്ടവേണികൾ
തിളങ്ങിടുന്നഖണ്ഡധാരകൈയിലേന്തിമന്ദമൊ—
ന്നിളക്കിയങ്ങറുത്തിതാനിലത്തിടുന്നുകാൎമ്മികൻ ൧൯

മനോജ്ഞമായസാരിയങ്ങെടുത്തുനീക്കിദൂരെയി—
ട്ടനർഘമാംവിഭൂഷണങ്ങളൂരിമാററിടുന്നിതാ!
അനന്തതന്നിലുള്ളബന്ധമൊക്കെയുംവെടിഞ്ഞതായ്
മനംതെളിഞ്ഞുദീർഘമായ്ശ്വസിച്ചിടുന്നുസാദ്ധ്വികൾ. ൨൦

കനത്തരോമവസ്ത്രമാപുരോഹിതൻെറകൈയിൽനി—
ന്നനൽപമോദമോടുതന്നെവാങ്ങിയാസുമാംഗികൾ
സനാതനൻപ്രിയൻെറമന്ത്രകോടിയെന്നുമാനസേ
നിനച്ചിതാധരിച്ചലംകൃതാൎത്ഥരായിടുന്നവർ. ൨൧

തെളിഞ്ഞരംഗമൊക്കെവിട്ടൊളിപ്പതിൻെറചിഹ്നമായ്
വെളുത്തവസ്ത്രമൊന്നെടുത്തുമൂടിയുത്തമാംഗവും
കൊളുത്തിനല്ലദീപവുംകരത്തിലേന്തിധീരരാ—
യിളക്കമററുനിന്നിടുന്നുദിവ്യസുന്ദരീഗണം. ൨൨

വിശിഷ്ടമായപൂക്കിരീടതല്ലജംതലയ്ക്കുമേൽ
വിശങ്കമങ്ങെടുത്തുവച്ചുപൂജ്യനാംപുരോഹിതൻ
കൃശാംഗിമാരെയാദരിപ്പു;സത്യമോൎത്തുനോക്കിയാൽ
വിശാലമാംജഗത്തവൎക്കുപാദപീഠമാകണം. ൨൩

---

* ശ്രീമതി മേരീ ജോൺ തോട്ടം എന്ന സുപ്രസിദ്ധ കവി, സന്യാസാശ്രമത്തിൽ ചേൎന്ന അവസരത്തിൽ എഴുതിയതു്.

മദ്ധ്യസ്ഥനു പ്രത്യേകം.

വേ. പ്ര. മ. പ.

വിനാശമറ്റരാജിതത്തിൽരാജരാജനാകുമാ-
മണാളനിട്ടമന്ത്രകോടിമെയ്യിലേറ്റമാത്രയിൽ
അനാദരംവെടിഞ്ഞു സർവ്വലോകവുംപദത്രയം
വണങ്ങുമാറരഞ്ജിമാരിലഗ്രഗണ്യരായവർ. ൨൯

വിവാഹകർമ്മവുംകഴിഞ്ഞുവല്ലഭൻറെയന്തികേ
ദിവാനിശംസുഖിച്ചുയന്നപീഠമേറിവാഴുവാൻ
അവാച്യമാംപ്രതാപമാണ്ടിതാഗമിപ്പുരാജ്ഞിമാർ
ഭവാബ്ധിയെച്ചുവിട്ടിയങ്ങമർത്തിടുംപദങ്ങളാൽ ൩൪

വിരിച്ചിടുന്നിതാകരപ്പുശീലയാതറയ്ക്കുമേൽ
നിരത്തിടുന്നരാജ്ഞിമാക്കുവേണ്ടൊരാസനങ്ങളും
വരൻറെയന്ത്യവേളതന്നിൽനീകൊടുത്തപീഠമീ
വരാംഗിമാരുമാദരിച്ചെടുത്തുകാൺകലോകമേ! ൩൯

ചടങ്ങിനൊക്കെയന്ത്യമായി,ദിവ്യസുന്ദരാംഗിമാർ
പൊടുന്നനേവിരിച്ചൊരാകരപ്പുശീലമേലിതാ
കിടന്നിടുന്നഭൂമിമേൽമുഖംപതിച്ചുമാറിനോ-
ടടുത്തണച്ചുപൂണ്ടുകൊണ്ടുദിവ്യവൃക്ഷശാഖയേ. ൪൦

ബലിയ്ക്കുതീർത്തവേദിമേലജങ്ങളങ്ങണഞ്ഞുടൻ
വിചാരമാഗമാന്നിതാമുഴങ്ങിടുന്നുലണ്ടകം
നിലത്തുകണ്ണുനീർപൊഴിച്ചുകേണിടുന്നുകാണികം
തലയ്ക്കുമേൽനിരന്നുപാടിടുന്നുദൈവദൂതരും. ൪൫

എരിഞ്ഞിടുന്നരാഗവഹ്നിതന്നിലേയ്ക്കിതാമുദാ
ചൊരിഞ്ഞിടുന്നുനേട്ടമുള്ളതൊക്കെയാവധൂഗണം
തിരിച്ചെടുപ്പതിന്നുവാഞ്ഛയില്ലവക്കുലേശവും
വരൻറെസന്നിധാനമാണവക്കുസർവ്വഭാഗ്യവും. ൫൯

ധനംസുഖംയശസ്സുമാഭിജാത്യവുംസപത്രരാം
ജനങ്ങളുംസജന്മദേശമച്ഛനമ്മമാരെയും
മനസ്സുബുദ്ധിയോമ്മശക്തിയിന്ദ്രിയങ്ങൾദേഹവും
തൃണംകണക്കിതാബലിക്കണച്ചിടുന്നുധീരകം. ൬൦

പിരിഞ്ഞതില്ലദേഹിയീജഡത്തെയെന്നിരിക്കിലും
മരിച്ചതായവർക്കുനീകണക്കുവയ്ക്കലോകമേ!
ഒരിക്കലുംനിനക്കുവേണ്ടിയാവധുക്കൾജീവിതം
വരിക്കയില്ലമേലിലെന്നുനിർവ്വിശങ്കമോതിടാം. ൩൮

ഇതാമരിച്ചുയർത്തെണീററലാസറസ്സിനൊപ്പമാ-
നതാംഗിമാരുമാക്കിടക്കവിട്ടുയർന്നിടുന്നഹോ!
പ്രതാപവാൻപ്രിയൻെറതൃക്കരംഗ്രഹിച്ചുകൊണ്ടലം
കൃതാർത്ഥരായ്ഗമിപ്പുതേനിതാന്തഭാഗ്യശാലികൾ. ൩൯

കോപത്താൽകടലൊത്തുചേർന്നിളകിയീ
ലോകം നശിപ്പിക്കിലും
താപംനിസ്തുലമായ്ധരയ്ക്കുപടയാ-
ലുണ്ടായിവന്നീടിലും
ആപത്തേറിടുമാവസന്തധരയേ
സർവത്രബാധിക്കിലും
ഹാ! പൂന്തേന്മൊഴിമാരവർക്കുസതതം
സർവത്രസന്മംഗളം.

പാപ്പായോ പാദ്രിയോ?

(വി. സി. ജോർജ്ജ് ബി. ഏ.)

കത്തോലിക്ക സഭയെ പററി സ്നേഹവും ബഹുമാനവും പ്രദർശിപ്പിക്കുന്നപലരും തങ്ങൾ ആ സഭയിൽ പ്രവേശിക്കാത്തതു് പാപ്പായുടെ പരമാധികാരത്തെ ഭയന്നാണെന്നു ഒഴി കഴിവു പറയാറുണ്ടു്. മാർപാപ്പായ്ക്കു കത്തോലിക്ക സഭയിൽ ഉള്ള അധികാരം സകല വിധയുക്തിക്കും ന്യായത്തിന്നും വിരോധമായിട്ടുള്ളതെന്നു തെററിദ്ധരിക്കുകയും തന്മൂലം പാപ്പായെയും അദ്ദേഹത്തിൻെറ സഭയെയും അകാരണമായി വെറുക്കുകയുമത്രെ ഇക്കൂട്ടർ ചെയ്യുന്നതു്. സഭ ഒരു ദൃശ്യ സ്ഥാപനമാണെ

ന്നും പ്രബോധനം ആണ് അതിന്റെ ചുമതലയെന്നും ഇവർസമ്മതിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ ആ ദൃശ്യസ്ഥാപനത്തിന് ഒരു ദൃശ്യ തലവൻ വേണമെന്നും പ്രബോധനം സുകരമാക്കുന്നതിന് പ്രബോധന വിഷയം വ്യാഖ്യാനിക്കാൻ അധികാര സംയുക്തനായ ഒരു ഗുരു വേണമെന്നും കൂടിസിദ്ധിക്കുന്നില്ലെ? ഉണ്ട് എന്ന് പറയാനും നമ്മുടെ അകത്തോലിക്ക സഹോദരൻ തയ്യാറാണ്. ആ ദൃശ്യ തലവനും ഗുരുവുമായിട്ടത്രെ കത്തോലിക്കർ പാപ്പായെ കരുതുന്നുയെന്നു പറയുക. അപ്പോൾ സ്നേഹിതൻ കണ്ണുരുട്ടി മ്ളാനമുഖത്തോടുകൂടി "പാപ്പായ്ക്ക് ദൈവത്തിനു സമമോ അതിൽ കൂടുതലോ ആയ ഒരു സ്ഥാനമാണ് നിങ്ങൾ കൊടുക്കുന്നത്. പാപ്പായ്ക്ക് പാപം ചെയ്യാൻ പാടില്ല എന്നല്ലെ നിങ്ങൾ വിശ്വസിക്കുന്നതു? ഇത്രയ്ക്ക് യുക്തിഹീനമായ ഒരുപദേശം എവിടെ കാണും?" എന്നിത്യാദി പ്രശ്നപരമ്പരകളെ ചോദിച്ചു തുടങ്ങുന്നു. പാപ്പായുടെ അപ്രമാദിത്വം സംബന്ധിച്ചു കത്തോലിക്ക സഭയുടെ ഉപദേശം എന്തെന്നു യാതൊരു നിശ്ചയവുമില്ലാത്ത സ്നേഹിതന്റെ ഊഹത്തെപ്പററിയൊ ചോദ്യങ്ങളെക്കുറിച്ചൊ നാം പരിഭവിച്ചിട്ടു യാതൊരു കാര്യവുമില്ല. സാധാരണ ബുദ്ധികൾ മാത്രമല്ല പ്രമുഖന്മാരായ ശാസ്ത്രജ്ഞന്മാർ പോലും മുൻവിധികൊണ്ടും സ്വാഭിപ്രായ സ്ഥാപന പ്രസക്തികൊണ്ടും അപ്രമാദിത്വത്തെ തെററിദ്ധരിക്കുകയും അതിൽ അന്തർഭവിച്ചിട്ടുള്ള വാസ്തവം മനസ്സിലാക്കാൻ സംഗതിവരുമ്പോൾ പൂർവപക്ഷത്തെപ്പററി ഖേദിക്കുകയും ചെയ്തിട്ടുണ്ട്. മിശിഹായുടെ ഉപദേശത്തിനോ സഭയുടെ പാരമ്പര്യത്തിനോ വിരോധമായി മാർപാപ്പാ എന്തെങ്കിലും പ്രസ്താവിച്ചാൽ തൽസംബന്ധമായി അപ്രമാദിത്വവരം ആരും സംവദിക്കുകയില്ല. (അപ്രകാരമുള്ള തെററു പറിപ്പിക്കുന്നതിനു പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുന്ന പാപ്പായ്ക്കു ശക്യവുമല്ല) ലൌകിക ശാസ്ത്രങ്ങളിലോ സാങ്കേതികാന്വേഷണങ്ങളെ സംബന്ധിച്ചോ ഉള്ള പാപ്പായുടെ അഭിപ്രായങ്ങൾക്ക് അപ്രമാദിത്വവരമില്ല. വിശുദ്ധ ശ്രീത്വത്തിലെ മൂന്നാമാളാണ് ലോകരക്ഷക്കായി മനുഷ്യാവതാരം ചെയ്തതെന്ന് ഒരു പാപ്പാ സഗൌരവം ഉപദേശിക്കുന്നു എന്ന് വിചാരിക്കുക. ക്രീസ്തുനാഥന്റെ ഉപദേശത്തെയും സഭയുടെ പാരമ്പര്യത്തെയും അനാദരിക്കുന്ന ആ നൂതനോപദേശം അബദ്ധമായി പരിഗണിക്കപ്പെടുകയേയുള്ളു. ഇതുപോലെ തന്നെ വൈദ്യുത ശക്തിയുടെ സുവിദിതങ്ങളായ തത്വങ്ങളെ അനാദരിച്ചു ആധുനിക മാർപാപ്പാ തന്നെ ഏതെങ്കിലും അഭിപ്രായം പുറപ്പെടുവിക്കുന്നുവെന്നു കരുതുക. ശാസ്ത്രദൃഷ്ട്യാ ആ അഭിപ്രായത്തെ എതിർക്കാനും അപലപിക്കാനും കത്തോലിക്കരിൽ ഏററം താണപടിയിലുള്ള ആൾക്കു പോലും സ്വാത

ന്ത്ര്യമുണ്ട്. ഇങ്ങനെ നോക്കുമ്പോൾ സഭയുടെ ദൈവിക സൃഷ്ടിയും സഭയുടെമേലുള്ള ദൈവപരിപാലനയും പ്രകടിപ്പിക്കാൻ ആവശ്യമാകുന്നിടത്തോളം "വിശ്വാസവും സന്മാർഗ്ഗവും" സംബന്ധിച്ച കാര്യങ്ങളിലെ മാർപ്പാപ്പായ്ക്കു അപ്രമാദിത്വം ഉള്ളുയെന്നു നിഷ്പ്രയാസം കാണാം. ഈ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ ഒരു പ്രൊട്ടസ്റ്റാണ്ടു പുരോഹിതന്റെ നിലയെന്താണ്?. "വായിൽ വന്നതൊക്കെ കോതയ്ക്കുപാട്ട്" എന്ന സമ്പ്രദായത്തിൽ നിരങ്കുശമായിഅയാൾക്കുപദേശിക്കാം. വിവാഹം കൂദാശയാണെന്നിന്നും അല്ലെന്നുനാളെയും ഒരേ പ്രസംഗ പീഠത്തിൽ നിന്നുകൊണ്ടു പാദ്രി പ്രസംഗിക്കുന്നു. കുർബാനയിൽ മിശിഹായുടെ സാന്നിദ്ധ്യം ഉണ്ടെന്നു ഒരു പ്രോട്ടസ്റ്റന്റു മെത്രാൻ പറഞ്ഞാൽ ഇല്ലെന്നു മെത്രാന്റെ കീഴുള്ള പാദ്രിക്കു പരസ്യമായി പ്രസംഗിപ്പാൻ സ്വാതന്ത്ര്യമുണ്ട്. സുവിശേഷത്തിന്റെ സ്വതന്ത്ര വ്യാഖ്യാനം സകലർക്കും പ്രോട്ടസ്റ്റണ്ടു സഭയിൽ അനുവദിക്കപ്പെട്ടിരിക്കുകയാണല്ലൊ. എന്തുപറഞ്ഞാലും അതിനു വേദപുസ്തകത്തിൽ സാക്ഷി കാണിക്കുകയൊ സാക്ഷിയുണ്ടെന്നു ഭാവിക്കുകയൊ ചെയ്താൽ മതി. ഈ അടുത്ത കാലത്തു പ്രോട്ടസ്റ്റണ്ടു സഭ ഉപേക്ഷിച്ചു പ്രോട്ടസ്റ്റന്റുപാദ്രിയായ സ്വഭർത്താവിനോടുകൂടി കത്തോലിക്കമതം സ്വീകരിച്ച ആംഗ്ലേയ സാഹിത്യ കർത്രി മിസ്സസ് ഫ്റയി അവരുടെ സമീപത്തുള്ള മൂന്നു പ്രോട്ടസ്റ്റണ്ടു പള്ളികളിലേയും പാദ്രിമാർ താന്താങ്ങളുടെ ഇഷ്ടംപോലെ പള്ളിയിലെ കർമ്മങ്ങളും വിശ്വാസ തത്വങ്ങളും ഭേദപ്പെടുത്തിയിരുന്ന പതിവിനെക്കുറിച്ചു എഴുതിയിട്ടുള്ളതു് ഈ അവസരത്തിൽ സ്മരണീയമാണ്. ഓരോ പാദ്രിയ്ക്കും ഇഷ്ടംപോലെ എന്തും പഠിപ്പിക്കാം. എന്തും പ്രസംഗിക്കാം. ബിഷോപ്പ് ചോദിച്ചാൽ ഇഷ്ടംപോലെ സമാധാനം പറഞ്ഞുനിൽക്കാം. സ്വതന്ത്ര വ്യാഖ്യാന തത്വത്തിന്റെ ശക്തി അത്ര ഉറച്ചതാണ്. മാർപാപ്പായ്ക്കു ബോധനാപരിധിയുണ്ട്. മിശിഹായുടെ ഉപദേശത്തേയും സഭയുടെ പാരമ്പര്യത്തേയും ഗൌനിക്കണം. വിഷയത്തിന്റെ വിവിധ ഗുണങ്ങളെ കരുതണം. വിശ്വാസിസമൂഹത്തിന്റെ മൊത്തത്തിലുള്ള ആവശ്യത്തെ ആലോചിക്കണം. മിശിഹായുടെ പ്രതിപുരുഷൻ എന്നമഹനീയസ്ഥാനത്തെ ഉപയോഗിക്കണം. ഈ ആലോചനകൾക്കുശേഷം പ്രഖ്യാപനം ചെയ്യുന്ന തത്വങ്ങൾക്കു അപ്രമാദിത്വം സംബന്ധിപ്പിച്ചാൽ മതി. പാദ്രിയാകട്ടെ നിരങ്കുശൻ! പരിപൂർണ്ണ സ്വതന്ത്രൻ!

സ്നേഹഭ്രാന്ത്.

റവ. ഫാ. ജോർജ്ജ് വയലിൽ വിശാഖപട്ടണം.

സാമ്രാജ്യാധികൃതന്മാർ സഭാ പൈതലിനെ അവളുടെ സ്വന്തരക്തത്തിൽ താഴ്ത്തികൊണ്ടിരിക്കുകയിൽ, "കുരിശിന്റെ ഭോഷത്വം"ഒരു വെറും ഭോഷത്വം മാത്രമാണെന്ന് ഭോഷന്മാരെ ഗ്രഹിപ്പിക്കുവാൻ താത്വികന്മാർ സാഹിത്യമാർഗ്ഗേണ പരിശ്രമിക്കാതിരുന്നില്ല. എന്നാൽ "മുക്കവന്മാരുടെ ശാസ്ത്രം" വിശുദ്ധ ആന്വോസീസ് പ്രസ്താവിക്കുന്നതുപോലെ, "താത്വികന്മാരുടെ ശാസ്ത്രത്തെ ഭോഷത്വമാക്കുകതന്നെ ചെയ്തു." അവരുടെ അനുഗാമികൾ ദൈനംദിനം വർദ്ധിച്ചുകൊണ്ടുമിരുന്നു. പട്ടണങ്ങളിലും ഗ്രാമങ്ങളിലും, കൊട്ടാരങ്ങളിലും കുടിലുകളിലും, പ്രഭുകുടുംബങ്ങളിലും അടിമകളുടെ ഇടയിലും, സ്നേഹഭ്രാന്തന്മാർ അനുദിനം പ്രത്യക്ഷപ്പെട്ടുതുടങ്ങി. എന്ത്! ഗലിലയാക്കാരായ മുക്കവന്മാരെ അമർത്തുന്നതിന് റോമ്മാ ചക്രവർത്തിമാർക്ക് സാധിക്കയില്ലെന്നോ?

ഈ കാര്യം പരീക്ഷിച്ചറിയുകതന്നെയെന്ന് സാമ്രാജ്യാധികൃതന്മാർ നിശ്ചയിച്ചു. 'ഭോഷത്വം' വെടിഞ്ഞ് ദേവന്മാർക്ക് ബലിഅർപ്പിക്കാത്തവരെ കൊന്നൊടുക്കുന്നതിന് അവർ തീർച്ചപ്പെടുത്തി. തൽഫലമിയി "സ്നേഹഭ്രാന്തന്മാരി"ൽ ചിലർ രാജകൊട്ടാരങ്ങളിലും, തോട്ടങ്ങളിലും, രാത്രിയിൽവെളിച്ചംകാണിക്കുന്നപന്തങ്ങളായിതീർന്നു.("നിങ്ങൾലോകത്തിന്റെ വെളിച്ചമാകുന്നു".) മററുചിലർ വന്യമൃഗങ്ങളുടെ ആഹാരമായി ജീവൻ വെടിഞ്ഞു. ചിലരെ തിളയ്ക്കുന്ന എണ്ണയിൽ പൊരിക്കുകയും, പലരെ അഗ്നികുണ്ഡങ്ങളിൽ എരിക്കുകയും ചെയ്തു. കുരിശിൽ തൂക്കിയും കടലിൽ താഴ്ത്തിയും, ശിരസ്സ് ഛേദിച്ചും ഊഹ്യങ്ങളായിരുന്ന മററുപീഡനമാർഗ്ഗങ്ങൾ എല്ലാം പ്രയോഗിച്ചും "ഭോഷന്മാ"രെ നാമാവശേഷമാക്കുന്നതിന് റോമ്മാ അവളുടെസർവശക്തിയുംപ്രയോഗിച്ചു. ഇപ്രകാരം രണ്ടര നൂററാണ്ടുകളോളം അവളുടെ സ്വന്തരക്തത്തിൽ മുക്കിയും പൊക്കിയും സഭാ പൈതലിനെ കുളിപ്പിച്ചുകൊണ്ടിരുന്നു. ഈ കാലഘട്ടത്തിനുള്ളിലുണ്ടായ പത്ത് വേദഞെരുക്കങ്ങൾ ചരിത്രപ്രസിദ്ധങ്ങളത്രെ. "പ്രേതാലയങ്ങളുടെ (Catacombs) കൊളമ്പസ് എന്ന അപരനാമത്തെ അർഹിക്കുന്ന പ്രസിദ്ധ ചരിത്രകാരനായ ബോസിയൂസിന്റെ (Bosius) കണക്കിൻപ്രകാരം കുറഞ്ഞപക്ഷം അമ്പതുലക്ഷം ക്രിസ്ത്യാനികൾ ആദ്യമൂന്നു നൂററാണ്ടുകളിൽ വേദസാക്ഷികളായി മരിച്ചിട്ടുണ്ട്.

ഡയോക്ലേഷ്യൻ ചക്രവർത്തിയുടെ ഭരണകാലത്തു തന്റെ കീഴിൽ നിയമിതരായ മൂന്നു കേസറ (Caesar) ന്മാരിൽ ഒരുവനായിരുന്ന ഗലേരിയൂസ് (Galerius) ക്രിസ്തുമതത്തിന്റെ ഒരുബദ്ധവൈരിയായിരുന്നു. ഈ ദുഷ്ടന്റെപ്രേരണയാൽ ഏ. ഡി. ൩൦൩ ൽ കഠിനതമമായപത്താമത്തെ വേദഞെരുക്കം ആരംഭിച്ചു. അയാൾ ആദ്യസംവത്സരത്തിൽ തന്നെ ക്രിസ്തുമതത്തിനെതിരായി അനേകനിയമക്കോടാലികൾ പ്രയോഗിച്ചു. ദേവന്മാർക്കു ബലിഅർപ്പിക്കാൻ വിസമ്മതിക്കുന്ന എല്ലാ ക്രിസ്ത്യാനികളേയും കൊന്നൊടുക്കുന്നതിന്നു് എ. ഡി. ൩൦൪ ൽ ഒരു വിളംബരം മൂലംസാമ്റാജ്യമാസകലം കർശനമായ ആജ്ഞനൽകി. ഈ കൽപനയനുസരിച്ച് ആദ്യമാസത്തിൽ തന്നെ വധിക്കപ്പെട്ടവരുടെ സംഖ്യ ആയിരത്തിഅഞ്ഞൂറിലധികമായിരുന്നുപോൽ.

സാമ്റാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും തന്നെ ഒരേസമയത്തു നടത്തിയ ഈ മതപീഡനത്തെ അതിന്റെ സാർവത്രികത്വം, അത്ഭുതപൂർവ്വമായ കഠിനത, ശക്തി, നയം മുതലായ സാഹചര്യങ്ങളെ ആസ്പദമാക്കി നിരീക്ഷണം ചെയ്യുന്ന ഏവനും, "കുരിശിന്റെ ഭോഷത്വത്തിൽ" അമാനുഷികമായി യാതൊന്നും ഇല്ലാത്തപക്ഷം ഈ അന്ത്യമർദ്ദനത്തോടുകൂടെ തീർച്ചയായും അതു് അന്തരിക്കുമായിരിക്കുമെന്നു് വിധിക്കാതിരിക്കുകയില്ല. മാത്രമല്ല അന്തരിച്ചുവെന്നുതന്നെ പലരും കൊട്ടിഘോഷിച്ചു. "ക്രൈസ്തവനാമവിപാടനം" "സാമ്റാജ്യദേവാരാധന"പ്രചരിപ്പിച്ചു്, ക്രിസ്തീയ അന്ധവിശ്വാസങ്ങളെ സാർവ്വത്രികമായ വംശനാശം" മുതലായ കീർത്തനങ്ങളെ വിജയസ്തംഭങ്ങളാലും, ലിഖിതരേഖകളാലും വിളംബരം ചെയ്യുകപോലുമുണ്ടായി.

ക്രിസ്ത്വബ്ദം ൩൦൩-ൽ ആരംഭിച്ച ഈ മതപീഡനത്തിന്റെ ഉൽപാദകനായിരുന്ന ഗലേരിയൂസ്, ൩൦൭-ൽ സാമ്റാജ്യഭരണമേധാവിത്വം സ്വാധീനമാക്കിയപ്പോൾ ദണ്ഡനങ്ങൾ, പൂർവ്വാധികം ക്രൂരതയും ബീഭത്സവേഷങ്ങളും അണിഞ്ഞുരംഗപ്രവേശനം ചെയ്തു. ഈവിധത്തിൽ യാതൊരു ഇളവും നൽകാതെ ൩൧൧-ാമാണ്ടുവരെ മർദ്ദനം തുടർന്നു. എന്നാൽ ഭോഷത്വം അന്തരിച്ചോ?

ക്രൂശിതനായ ഗലിലയാക്കാരനെപ്രതി എത്രകണ്ടുപീഡകൾ സഹിക്കേണ്ടിവന്നോ, അത്രകണ്ടു് അങ്ങേ അനുഗാമികളുടെ തീഷ്ണതയും ഉന്മേഷവും വർദ്ധിച്ചുകൊണ്ടിരുന്നു. ജീവിക്കുന്നുവെങ്കിൽ കർത്താവിനുവേണ്ടി ജീവിക്കുന്നു. നാം മരിക്കുന്നുവെങ്കിൽ കർത്താവിനുവേണ്ടി മ

രിക്കുന്നു. അതുകയാൽ നാം ജീവിച്ചാലും മരിച്ചാലും കർത്താവിനുള്ളവരാകുന്നു." (റോമാ. ൧൪. ൮) എന്നവിശുദ്ധശ്ലീഹായുടെ വാക്യം അവരിൽ സാർത്ഥകമായിരുന്നു. അതെ വിശുദ്ധ പൗലോസിനെ പോലെ അവരും "ജീവിക്കുക എന്നതു് മിശിഹായും മരിക്കുകയെന്നതു ലാഭവു"മായിട്ടത്രെ ഗണിച്ചിരുന്നതു്. തൻമൂലം ഐഹികസുഖദുഃഖാദികളെ നിസ്സാരമായി വിശുദ്ധശ്ലീഹായുടെ വാക്കിൽ പറഞ്ഞാൽ "ശമേദ്യ"മായി (ഫിലി. ൩. വ.) കരുതുന്നതിനും ഈശോമ്ശിഹായെക്കുറിച്ചുള്ള ഉന്നതജ്ഞാനം നിമിത്തം എല്ലാറ്റിനേയും ചേതപ്പെട്ടതുന്നതിനും" (ഫീലി. ൩. വ.) അവർ മടിച്ചില്ല. എന്തുകൊണ്ടെന്നാൽ "നിങ്ങളുടെ ദുഃഖം സന്തോഷമായിമാറു"മെന്നും "നിങ്ങളുടെ സന്തോഷം" ഒരു മനുഷ്യനും നിങ്ങളിൽനിന്നും എടുത്തുകളകയില്ലെന്നും (യോഹ. ൧൬. ൨൦, ൨൨) ദിവ്യഗുരു അരുളിചെയ്തത് അവർ ഓർമ്മിച്ചിരുന്നു. മാത്രമല്ല, "ഇപ്പോഴത്തെ കഷ്ടതകൾ നമ്മിൽ പ്രത്യക്ഷപ്പെടുവാനിരിക്കുന്ന ഭാവി മഹത്വത്തോടു തുല്യപ്പെടുത്തുവാൻയോഗ്യതയുള്ളവയല്ല". (റോമാ. വ. ൧൮.) ഏന്നും ദൈവസ്നേഹത്തെപ്രതീക്ഷണഭംഗുരവും ലഘുവുമായ ഞെരുക്കം ഞങ്ങൾ ഇപ്പോൾ സഹിക്കുന്നുവെങ്കിൽ (൨കോറി൪. ൪൭.), ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടന്ന് ഒരുക്കിയിരിക്കുന്ന കണ്ണു കാണുകയോ ചെവി കേൾക്കുകയോ മനുഷ്യഹൃദയത്തിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാ. (൧കോറി൨. ൯) അത്ഭാഗ്യങ്ങൾക്കു തങ്ങൾ അവകാശികളായി തീരു"മെന്നും അവർ വിശ്വസിച്ചിരുന്നു. അതുകയാൽ മിശിഹായുടെ സ്നേഹത്തിൽ നിന്നു് ആർ നമ്മെ വേർതിരിക്കും? അരിഷ്ടതയോ? അഥവാ ഞെരുക്കമോ? അഥവാ ക്ഷാമമോ? അഥവാ നഗ്നതയോ? അന്യധാ ആപത്തോ? അല്ലെങ്കിൽ വേട്ടഞെരുക്കമോ? അല്ലെങ്കിൽ വാളോ? (റോമാ.൮.൩൫) എന്നു വിശുദ്ധശ്ലീഹായോടുകൂടി അവരും ചോദിച്ചിരുന്നു. പ്രതിദിനം ഇടവിടാതെ അവർ നിഗ്രഹിക്കപ്പെടുകയും, ഹിംസക്കുള്ള ആടുകളെപ്പോലെ അവർ എണ്ണപ്പെടുകയും, ചെയ്യുകയിൽ "നമ്മുടെ കർത്താവിശോമിശിഹായിലുള്ള ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കുവാൻ മരണമാകട്ടെ, ആയുസ്സാകട്ടെ ഉയരമാകട്ടെ, ആഴമാകട്ടെ, മറ്റുസൃഷ്ടികളാകട്ടെ ശക്തിഅടയുകയില്ല"(റോമാ.വ. ൩൮. ൩൯) എന്നു പറഞ്ഞുകൊണ്ടു അവർ ധൈര്യപൂർവ്വം "സ്നേഹഭ്രാന്തന്മാ"രായി മരിച്ചു.

തിരുഹൃദയ
വാഗ്ദാനവ്യാഖ്യാനം.

(ജോസ്. എൽ. ശമ്മാശ് മാവുങ്കൽ)

ആറാം വാഗ്ദാനം.

"പാപികൾ കരുണയുടെ അളവറ്റ ഉറവയും സമുദ്രവും എന്റെ ഹൃദയത്തിൽ കണ്ടെത്തും."

വാഗ്ദാനത്തിന്റെ പ്രാമാണ്യം.—വി. മ. മർഗ്രീത്താ Pere Croiset എന്ന ദേഹത്തിനു് അയച്ചിട്ടുള്ള "Avignon M. S. S. "ന്റെ മൂന്നാമത്തെ എഴുത്തിൽ താഴെവരുന്നപ്രകാരം കാണുന്നു. "ഈ ദിവ്യഹൃദയം കരുണയുടെ അവസാനമില്ലാത്ത ഉറവയാകുന്നു, വിശിഷ്യ പാപികളുടെ മേൽ അതു തപസ്സിന്റെയും മനസ്താപത്തിന്റെയും അരുചിയെ പൊഴിയിക്കുകയും ചെയ്യും" തുടർന്നു പറയുന്നു— "നിർഭാഗ്യവാന്മാർക്ക് ഈ ദിവ്യഹൃദയം കാരുണ്യക്കടലാകുന്നു" പുണ്യവതി തന്റെ ശ്രേഷ്ഠയായ Mere de Saumaise എന്ന കന്യാസ്ത്രീക്കു് എഴുതിയിട്ടുള്ള വേറൊരു കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഹാ! തന്റെ കൃപ എത്രയോ വലുതു്! സർവത്ര ഞാൻ അതിനാൽ ആവൃതയായിരിക്കുന്നതായി കാണുന്നു. ഞാൻ തിരുഹൃദയമഹാസമുദ്രത്തിലെ ഒരു ചെറിയ വെള്ളത്തുള്ളിയാകുന്നുവെന്നു് എനിക്കു തോന്നിപ്പോകുന്നു"

ഈ കത്തിന്റെ മൂലം നാമാവശേഷമായിപ്പോയി. അതു വി. മ. മർഗ്രീത്താ പ്രസ്താവിച്ച കന്യാസ്ത്രീക്കു് അയച്ചിട്ടുള്ള "M. S. S. 6." എന്ന ലേഖന പരമ്പരയിലെ ഏഴാം-മത്തെ കത്തായിരുന്നു. ഈ എഴുത്തു Dijon എന്ന സ്ഥലത്തെ ആശ്രമത്തിൽ ഏതൊ-മാണ്ടുവരെ സൂക്ഷിക്കപ്പെട്ടുപോന്നിരുന്നു. അതിന്റെ അഞ്ചുപ്രതികൾ ഇപ്പോഴും സൂക്ഷിക്കപ്പെട്ടുവരുന്നുണ്ടു്. കത്തു നഷ്ടപ്പെട്ടതുകൊണ്ടു് അതിന്റെ പ്രാമാണ്യത്തെപ്പറ്റി സംശയിക്കേണ്ടതില്ല. മേൽ ഉദ്ധരിച്ച വാചകങ്ങളിൽനിന്നാണു് ആറാം വാഗ്ദാനവാചകം നിർമ്മിച്ചിട്ടുള്ളതു്.

ആപൽകരമായ ഭീരുത്വം—ദൈവം പാപമോചനം തരും എന്നു പാപികൾ സംശയിക്കുന്നുവെന്നു പറയുന്നതിൽ ഒട്ടും അതിശ

യോക്തിയില്ല. അവർ അറിവോടുകൂടി ദൈവത്തോട് ഏതിത്തിട്ടുണ്ടെന്നും, തന്റെ തിരുപ്രമാണങ്ങളെ നാശോൻമുഖങ്ങളായ ചില നീചസുഖഭോഗങ്ങൾക്കായി തൃണവൽ ഗണിച്ചിട്ടുണ്ടെന്നും അവക്കു ബോദ്ധ്യമാകുന്നു. ചിലപ്പോൾ അവർ സന്താപസംപൂർണ്ണമായ ഹൃദയത്തോടുകൂടി തിരിഞ്ഞു വരികയും വീണ്ടും അധഃപ്പതിക്കുകയും ചെയ്തിട്ടുണ്ട് അവർ അനുതപിച്ചപ്പോഴെല്ലാം പാപത്തിൽനിന്നുമാറി ജീവിച്ചുകൊള്ളാമെന്നു പ്രതിജ്ഞയും ചെയ്തിരുന്നു. പക്ഷെ അവരുടെ സ്വയം ബലഹീനത അവരെ അതിക്രമിച്ചു് അവർ പാപക്കുണ്ടിൽ പതിക്കുകയാൽ തന്റെ നേരെ ഒരിക്കൽ കൂടി തിരിഞ്ഞു ക്ഷമാർത്ഥനം ചെയ്യുന്നതിന് ഇപ്പോൾ അവർ ഭയപ്പെടുന്നു. ഈ ശോണക്കുണ്ടിൽനിന്നു നിർഭാഗ്യരായ പാപികളെ ഉദ്ധരിക്കുന്നതിനു, പരാപരന്റെ കരുണാപരിണാമവിഹീനമാണെന്നുള്ള പ്രബലപ്രബോധനത്തിനല്ലാതെ മറ്റൊന്നിനുംതന്നെ കഴിയുന്നതല്ല. താദൃശമായ ഒരു പ്രബോധനമാണു തിരുഹൃദയത്തോടു പ്രാർത്ഥിക്കുന്ന പാപികൾക്കു് ഈ വാഗ്ദാനം വഴി പരമേശ്വരൻ നിറവേറ്റുന്നതു്. പാപികളുടെ ഈ പ്രാർത്ഥന ഒരുവിധത്തിൽ ഫലസന്ദായകമായിരിക്കും. ഒന്നാമതു സപ്രമനസാ മനുഷ്യാവതാരം ചെയ്ത മനുഷ്യരോടു ദൈവം പ്രദർശിപ്പിച്ച അത്യനന്ത സ്നേഹത്തോടു നേരിട്ടുള്ള ഒരു യാചനയാകയാൽ, അതുപ്രത്യേകവിധം ദൈവത്തിനു പ്രീതികരമാകുന്നു. രണ്ടാമതു്, അതു പാപിയുടെ മനസ്സാപവും നിലനിൽപ്പും അവന്റെ സദുദ്ദേശ്യത്തിൽ ദൃഢീകരിക്കപ്പെടുകയുംവിധം പ്രാർത്ഥനയിൽ നല്ല സ്ഥിരതയുണ്ടാകുന്നതിനു് അവനെ പ്രേരിപ്പിക്കുന്നതായ വിശ്വാസവും അവനിൽ ഉളവാകുന്നു.

ദൈവകാരുണ്യം—പഴയ നിയമത്തിൽ ദൈവകരുണ പലപ്പോഴും അത്ഭുതപ്പെട്ടു വന്നിരുന്നതായി കാണാം. മോശയും ദാവീദും അതിന്റെ ആവശ്യത്തെ പ്രത്യുഷ്ടമായി ഗ്രഹിക്കുകയും തദർത്ഥം സർവ്വാശരണസമേതം അപേക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ ദൈവത്തിന്റെ നീതിയേയും ശക്തിയായി അതിൽ പ്രകടിപ്പിച്ചിരുന്നു. മറ്റുമല്ല ശക്തിയും അധികാരവും ശാന്തതയെക്കാൾ കൂടുതൽ സ്പഷ്ടമായ ഭാവഭേദങ്ങളെ പ്രദർശിപ്പിക്കുന്നതാകയാൽ പ്രാചീനനിയമാനുസാരം ദൈവത്തെ ആരാധിച്ചിരുന്നവരുടെ മനസ്സിൽ ദൈവതിരുനാമം ഭയങ്കരവുമായിരുന്നു. ക്രിസ്തുവിന്റെ ആഗമനത്തോടുകൂടി ഈ സ്ഥിതി മാറിപ്പോയി. തന്റെ മാനുഷികജീവിതത്തിന്റെ ഓരോ ചെയ്തികളിലും സങ്കടപ്പെടുന്നവരുടേയും ദുർബലന്മാരുടേയും പേരിൽ മൃദുലമാ

യ സഹതാപവും സ്നേഹവും നമ്മുടെ പരിത്രാതാവു പ്രദർശിപ്പിച്ചു. മറിയും മഗ്ദലേനായുടേയും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടേയും പത്രോസിന്റേയും നേരെ അവിടുന്നു അളവറ്റവിധം തന്റെ ദയാമൃതിനെ കോരിച്ചൊരിയുകയും ദൈവത്തിന്റെ നിസ്സീമമായ കൃപ തന്റെ ഉപദേശത്തിന്റെ നിരന്തരവിഷയമാക്കുകയും ചെയ്തു. പുതിയ നിയമത്തിലെ ദൈവം സദാ കാരുണ്യസംപൂർണ്ണമായ നീതിയോടു ക്രൂടിയവനും കുറ്റങ്ങൾ എത്രതന്നെ സംഖ്യാതീതം ആയിരുന്നാലും വീണ്ടും വീണ്ടും ക്ഷമിക്കുന്നവനും ആകുന്നു. എന്തെന്നാൽ താൻ നമ്മുടെ സ്വഭാവത്തിൽ ഭാഗഭാക്കാകുകയും, നമ്മുടെ ശക്തിക്ഷയത്തിൽ യഥാർത്ഥമായ സഹതാപമുണ്ടായിരിക്കുകയും ചെയ്തു ആ പാപികളുടേയും പുങ്കാരുടേയും സ്നേഹിതനായ ദൈവമനുഷ്യനാകുന്നു. ഇതുകൊണ്ടു തന്നെയാണു് "ഞാൻ നീതിമാന്മാരെ അന്വേഷിച്ചല്ല പാപികളെ തേടിയത്രെ വന്നു"തെന്നു് അവിടുന്നു് അരുളിച്ചെയ്തതും.

ശരണം—വിശാലഹൃദയനായ ഒരുവന്റെ മഹാമനസ്കതയെപ്പറ്റി ഭൂശങ്കകൾ പ്രദർശിപ്പിക്കുന്നതിനേക്കാൾ വലുതായ അവമാനം വേറെ ഇല്ലാത്തതുപോലെതന്നെ ആ മഹാമനസ്കതയുടെ അംഗീകരണത്തെക്കാൾ ശക്തിയുള്ളതായി വേറെ യാതൊരു സഹായാർത്ഥനവും ഉണ്ടാകുന്നതല്ല. തിരുഹൃദയത്തോടു് അപേക്ഷിക്കുന്ന പാപി മിശിഹായുടെ സ്നേഹത്തോടു യാചിക്കുകയും ആ ഹൃദയം സർവകാരുണ്യത്തിന്റേയും ഉൽപത്തിസ്ഥാനമാണെന്നും അതിന്റെ കൃപാതിരേകം മഹാസമുദ്രസമാനം നിസ്സീമമാണെന്നും ഏറ്റു പറഞ്ഞു തന്റെ ദയാധിക്യത്തിൽ സ്വയം കയ്യാളിക്കുകയും ചെയ്യുന്നു. പാപിക്കു് അവൻ ചെയ്തിട്ടുള്ള സകല കുറ്റങ്ങളെക്കുറിച്ചും ശരിയായ അറിവു് ഉള്ളതുകൊണ്ടു് ഈ അപേക്ഷ അവൻ ആദ്യം യാതൊരു ബോധവുംകൂടാതെ തന്നെ ചെയ്യുമെന്നിരുന്നാലും പ്രാർത്ഥന മുടക്കാതിരിക്കുന്ന കാലത്തോളം വിശ്വാസത്തിലും ശരണത്തിലും സുസ്ഥിരത പ്രാപിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ ദയാപൂരിതമായ ഹൃദയത്തോടു ചെയ്യുന്ന അർത്ഥനകൾ യാചകന്റെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയത്രെ ചെയ്യുന്നതു്. പാപി മനസ്താപപ്പെടണമെങ്കിൽ അവനു സർവോപരി ദൈവത്തിലും പിന്നിട്ടു തന്നിൽതന്നെയും വിശ്വാസമുണ്ടായിരിക്കണം. തിരുഹൃദയത്തോടു് അപേക്ഷിക്കുന്നതായാൽ ഇവ രണ്ടും സുലഭമായിരിക്കും. പാപി സ്വന്തകുടുംബത്തോടും, യശസ്സോടും, സ്വന്ത ശരീരത്തോടും ചെയ്യുന്ന മഹാനാശത്തെ അവനെ ഗ്രഹിപ്പിക്കുന്ന

തിനുവേണ്ടി അവനുമായി നടത്തിയ സർവ്വയുക്തിവാദങ്ങളും ഫലശൂന്യമായി കലാശിച്ച പല സന്ദർഭങ്ങളിലും തിരുഹൃദയവരപ്രസാദം മനസ്സുപരത്തെ സന്ദാനം ചെയ്തിട്ടുണ്ട്. പുണ്ണ്യമനസ്സുകൂടാതെയോ മറ്റുള്ളവരുടെ നിർബന്ധംമൂലമോ ദേഹത്തിൽ ധരിച്ചിരുന്ന തിരുഹൃദയത്തിന്റെ ഒരു കാഴ്ചരൂപമോ അവന്റെ കണ്ണുകൾക്കു എത്തുപെടത്തക്കവിധം തുക്കിയിരുന്ന തിരുഹൃദയപടമോ, ദിവസത്തിൽ പലപ്രാവശ്യം ഉരുവിടാമെന്നു വാഗ്ദാനം ചെയ്യിപ്പിച്ചിരുന്ന സുകൃതജപമോ വഴിയായിട്ടായിരിക്കാം കഠിനഹൃദയനായ മഹാപാപിയിൽ വരപ്രസാദസ്പർശനമുണ്ടാകുന്നത്. തിരുഹൃദയത്തോട് അപേക്ഷിക്കുന്നതിനു അവനെ പ്രേരിപ്പിക്കുന്ന ഏതൊരു വസ്തുവും അവന്റെ മാനസാന്തരത്തെ കാംക്ഷിക്കുന്ന ദൈവകാരുണ്യത്തിൽ അവനിലുണ്ടാകേണ്ടുന്ന വിശ്വാസത്തെ അവനിൽ പുനർജ്ജീവിപ്പിക്കും.

അത്ഭുതകരമായ

ഒരു കുടുക്കുമണി.

(ഫാദർ അഗസ്റ്റിൻ, ചങ്ങനാശേരി.)

"സ്വർഗ്ഗരാജ്യം കടുകുമണിക്കു സമമാകുന്നു" (മത്തായി 13-ാം അ.)

കഥ പറയുന്നതിനും, കേൾക്കുന്നതിനും, പ്രത്യേക അഭിരുചിയുള്ള ജനങ്ങൾ അത്യുൽസുകത പ്രദർശിപ്പിച്ചു കാണാറുണ്ട്. പ്രസ്തുത തത്വത്തെ അധികരിച്ചായിരിക്കണം, ശ്രീയേശുനാഥൻ തന്റെ പ്രസംഗപരമ്പരകളിൽ കഥകൾക്കു അഥവാ, ഉപമകൾക്കു കൂടുതൽ പ്രാധാന്യം നൽകിക്കാണുന്നത്. ആ ദിവ്യഗുരുവിന്റെ മുഖത്തുനിന്നു അനർഗ്ഗളം നിഗ്രമിച്ച നിരവധി ഉപമകളിൽ ഒന്നാണല്ലൊ പ്രകൃതവിഷയം. പ്രസംഗകൻ യഥാർത്ഥത്തിൽ, സ്ഥലകാല സാഹചര്യങ്ങൾക്കും ശ്രോതാക്കളുടെ മനോഭാവികാസത്തിനും അനുസരിച്ചു പ്രസംഗിക്കണമെന്നുള്ള സംഗതിക്രമത്തെയും ദിവ്യോപദേഷ്ടാവു പ്രസംഗങ്ങളിൽ പ്രത്യേകം കാണിച്ചിട്ടുണ്ട്. യഹൂദർ കൃഷി, ആജ്ഞാപാലനം, മത്സ്യവേട്ട ആദിയായ തൊഴിലുകളിൽ അതികൃതുകം ഉള്ളവരായിരുന്നതുപോലെതന്നെ കഥാകഥനത്തിലും, അവർ പ്രദർശിപ്പിച്ചിരുന്ന താൽപര്യം അ

ന്യാദൃശ്യം തന്നെ. അതിനാൽ അവർക്ക് സുപരിചിതങ്ങളായവയെക്കുറിച്ചുള്ള ഉപമകളത്രെ ക്രിസ്തു അവരുടെ മുമ്പിൽ വിതരണം ചെയ്തിരുന്നതു്. മാത്രമല്ല, ഉദാഹരണസമന്വിതമായ പ്രബോധനാരീതി മനോമുകുരങ്ങളിൽ നീണാൾ കുടികൊള്ളുന്നതും ആയിരിക്കും. ആധുനികവിദ്യാഭ്യാസസമ്പ്രദായവും, ഇതിനുദാഹരണം ആണ്. ക്രൈസ്തവപ്രബോധനരീതിയാണ് ഇതിന്റെ പിതൃസ്ഥാനം വഹിക്കുന്നതെന്നു പ്രസ്താവിക്കുന്നതിൽ അഭിപ്രായഭേദം ഉണ്ടാകുമെന്നു വിചാരിക്കുന്നില്ല. എന്നാൽ ആശയശുദ്ധിയിലും, വിഷയനൈർമ്മല്യത്തിലും ഇന്നത്തെ സമ്പ്രദായം വളരെ പിന്നോക്കമാണെന്നു് എത്രയാവർത്തി പറഞ്ഞാലും അധികമാവുന്നതല്ലതാനും.

കടുകുമണി വിത്തുകളിൽ ഏററം ചെറുതെങ്കിലും, ക്രമശഃ ശാഖോപശാഖകളായി വളർന്നു് ഒരു രാക്ഷസവൃക്ഷം ആയിത്തീരുന്നു. കുരുവിതൊട്ടു കഴുകൻവരെയുള്ള പറവകൾക്കു് അതു് അഭയം നൽകുന്നു പ്രകൃത്യാ ഉപമയിൽ ദിവ്യനാഥൻ സങ്കല്പിച്ചിട്ടുള്ളതു് തന്റെ സഭയെപ്പററി ആണല്ലൊ. ഈ നിർവചനം (definition) അതിൽ അക്ഷരംപ്രതി ഒത്തുകാണുന്നുണ്ടു്. യൂദായിൽ, ബദ്‌ലഹമ്മിൽ കേവലം അജ്ഞാതമായി, അഗണ്യമായി, ഉപേക്ഷിതമായി പുറത്തു തള്ളപ്പെട്ടു കിടന്നിരുന്ന സുവിശേഷതത്വബീജം, നസ്സറസ്സിലെ സുദീർഘകാലഘട്ടത്തിനകം കുമ്പെടുത്തുവളരാൻ തുടങ്ങിയെങ്കിലും, നിർദ്ദിഷ്ടവും പററിയതും ആയ സ്ഥലം കുറേക്കൂടി വിപുലം ആയിരുന്നതിനാൽ അവിടെവച്ചായിരുന്നു കൂടുതൽ വളർച്ചയും, തഴപ്പും സിദ്ധിച്ചതു്. സാ

ക്രിസ്തീയ വേദോപദേശം.

വില്പാൻതയാർ വിലക്കുറവു്.

നല്ലമേനിക്കടലാസിൽ സന്ദർഭോചിതമായ പടങ്ങളോടുകൂടി തയ്യാറാക്കപ്പെട്ട ക്രിസ്തീയ വേദോപദേശം ഒന്നും, രണ്ടും, മൂന്നും, ഭാഗങ്ങളും, കൂടാതെ പരിഷ്ക്കരിച്ചുതയ്യാറാക്കിയ "വ്യാകുലപ്രസംഗം," "ആരാധനസംഖ്യത" "പതിനെട്ടുലക്ഷം ഈഴവരും ക്രീസ്തുവും" എന്നീപുസ്തകങ്ങളും വില്പാൻതയ്യാറായിരിക്കുന്നു.

അവശ്യക്കാർ താഴെകാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക

മാനേജർ, ററി. കെ. സെബാസ്യൻ
സെൻറു സെബാസ്ററ്യൻസ് ബുക്കുഡിപ്പോ
വി. പി. ബസ്സാർ, ചങ്ങനാശേരി.

ധുക്കളും പാമരന്മാരും, അനന്യശരണരും, ആയിരുന്ന മീൻപിടിത്തക്കാരെയും, ചൂണ്ടക്കാരെയും അദ്വിതീയസഭാംഗങ്ങളായി മിശിഹാ സ്വീകരിച്ചു. ഇങ്ങിനെ ആദ്യം പന്ത്രണ്ടും പിന്നീട് എഴുപത്തുരണ്ടും, തദനന്തരം പെന്തക്കോസ്തു ദിവസത്തിൽ അനേകായിരങ്ങളുമായി അംഗങ്ങൾ വർദ്ധിക്കയും, അവർക്കൊക്കെ സമാധാനപരവും സനാതനവും ആയ ആതിഥ്യം നശകകയും ചെയ്തു. അവൾ ഭൂഗോളത്തിലൊക്കെ പ്രചുരമായി പ്രചരിച്ച് കൊട്ടാരംതൊട്ടു കുടിൽവരെയുള്ള നാനാസ്ഥിതിക്കാർക്കും മാതൃനിർവിശേഷമായ സങ്കേതം പ്രദാനംചെയ്തുവരുന്നു. അവളുടെ പിഞ്ചുകുമ്പുന്നുള്ളിക്കളയുന്നതിന്, ക്രൂരന്മാരും കുപ്രസിദ്ധന്മാരും ആയ മതവിരോധികൾ ആദിമശതകങ്ങളിൽ ഭഗീരഥപ്രയത്നം ചെയ്തെങ്കിലും, അവ എല്ലാം നിഷ്ഫലങ്ങളായിത്തീർന്നു. "ക്രിസ്ത്യാനി" എന്ന ത്രയാക്ഷരോച്ചാരണം കൂടെയും മരണശിക്ഷാർഹമായിരുന്നുവത്രെ. ടൈബർ നദിയിലെ രക്തപ്രളയത്തിനു ക്രിസ്ത്യാനികളുടെ കടുനിണം കാരണമായിരുന്നു. എന്നിട്ടും അവർക്കൊന്നും ഫലിച്ചില്ല. വിരോധികൾ ഒക്കെ, പണ്ടേക്കുപണ്ടേ തിരോധാനം ചെയ്തു. ആധുനികലോകം അവരെ സ്മരിക്കപോലും ചെയ്യുന്നില്ല. ഉണ്ടെങ്കിൽ തന്നെയും വളരെ മനോവേദനയോടും വെറുപ്പോടുംകൂടിയായിരിക്കും.

പീഡിതസഭയാവട്ടെ സൂര്യനുകീഴ് എവിടെയും, പ്രചുരപ്രചാരമായിക്കഴിഞ്ഞിരിക്കുന്നു. വിരോധികളായിരുന്നവരുടെ മിക്കവരുടെയും ശവസംസ്കാരമണിനാദം അവൾ കേട്ടുകഴിഞ്ഞു. അവളുടെ അന്തർദ്ധാനത്തേ പ്രവചിച്ച വാൾട്ട്യാർ പ്രഭൃതികളുടെ പ്രകല്പനങ്ങളും ദീർഘദർശനങ്ങളും അസ്ഥാനത്തായി. അവൾ ഇന്ന് അഭൂതപൂർവമായ തേജസ്സോടും ഓജസ്സോടുംകൂടി പുരോഗമനം ചെയ്തുവരുന്നു. പ്രതിപക്ഷക്കാരുടെ പ്രസിദ്ധ വിഗ്രഹാരാധനാകേന്ദ്രങ്ങളും അവളുടെ വീരസന്താനങ്ങളുടെ കൊലക്കളങ്ങളും എല്ലാം ഇന്ന് ക്രിസ്തുമണവാളന്റെ ദേവാലയങ്ങളായി പരിവർത്തനം ചെയ്തിരിക്കുന്നു. അജ്ഞാനാന്ധകാരത്തിൽ കിടന്നു വലയുന്നവർക്കു സത്യവും, വഴിയും, പ്രകാശവും, സുലഭം പ്രദാനം ചെയ്യുന്നതിന് അവൾ സദാ സന്നദ്ധയും ജാഗരൂകയും, ആയിരിക്കുന്നു!! അവളുടെ നാശത്തിനുവേണ്ടി അസംഖ്യം പ്രതികൂലശക്തികൾ ഒത്തൊരുമിച്ച് ഭഗീരഥയത്നം ചെയ്തിട്ടും യാതൊന്നും പററാതെ ഇത്തരത്തിൽ ഇന്ന് അവൾ എത്തിയിട്ടുള്ളത് ഒന്നുകിൽ അവളുടെ ദിവ്യശക്തി നിമിത്തമായിരിക്കണം. അല്ലെങ്കിൽ അതുകൂടാതെ ആയിരിക്കണം. ആദ്യത്തേതെങ്കിൽ അവൾ ദിവ്യയാണെന്നു തീർച്ചതന്നെ. ഒടുവിലത്തേതെങ്കിൽ അതുതന്നെ അവളുടെ ദിവ്യതയെ പ്രഖ്യാ

പനം ചെയ്യുന്നു. ഏകദൈവത്തിന് പൂർവാപരവിരുദ്ധങ്ങളായ അനേകദിവ്യസഭകളെ സംസ്ഥാപിക്കുന്നതിനു കഴിയുന്നതല്ല. തന്നിമിത്തം ഏകയായും ദിവ്യയായും വേദോക്തികൾക്കനുസാരയായും ക്രൈസ്തവമുദ്രയാൽ അലംകൃതയായും പരിലസിക്കുന്ന സഭ ഇവൾമാത്രമാണ്. അതേ കത്തോലിക്കസഭതന്നെ. അഹംകാരം, ദുർവാശി, എന്നിവകളാൽ കാലാന്തരത്തിൽ തിരുസഭാമാതാവിന്റെ മടിയിൽനിന്നു ധൂർത്തപുത്രനെപ്പോലെ പിന്തിരിഞ്ഞു വിനാശഗർത്തത്തിൽ കിടന്നുഴലുന്ന മാന്യസഹോദരങ്ങൾ കാലതാമസംവിനാ സഭാമാതാവിന്റെ മടിയിൽ സനാതനവും നിത്യവും ആയ സൌഭാഗ്യം അനുഭവിക്കട്ടെ.

വി. എച്ച്. ജി. ഗേൾസ് സ്കൂൾ.

വാഴപ്പള്ളി. ചങ്ങനാശ്ശേരി.

പ്രസ്തുത സ്കൂളിൽ അടുത്തസ്കൂൾ വർഷാരംഭത്തോടുകൂടി ഫൂട്ടാം ക്ലാസിനെ തുടർന്ന് ഒൻപതാം ക്ലാസും കൂടി ഇടുന്നതിനു അനുമതിലഭിച്ചിരിക്കുന്നു. ഒൻപതാം ക്ലാസ് മേയി. ഫൻ—ാം തീയതി തുറക്കുന്നതായിരിക്കും. എട്ടാം ക്ലാസിൽ ചേരണമെന്നാഗ്രഹിക്കുന്നവർ സ്കൂൾലീവിങ്ങ് പരീക്ഷാഫലം പുറത്തായാൽ ഉടൻ വന്നു ചേരേണ്ടതാണ്. ദൂരെ നിന്നു വരുന്ന വിദ്യാർത്ഥിനികൾക്കു സ്കൂളിനോടു ചേർന്നുള്ള ആരാധനാമഠം ബോർഡിങ്ങിൽ താമസിക്കുന്നതിനു സകലസൌകര്യങ്ങളും ഉണ്ട്.

കൂടുതൽ വിവരങ്ങൾക്കു എഴുതിച്ചോദിക്കുക,

എന്നു് മാനേജർ.

വി. എച്ച്. ജി. സ്കൂൾ.

വാഴപ്പള്ളി. ചങ്ങനാശ്ശേരി.

ഈശ്വരാനുഗ്രഹപ്രവാഹത്തിന്റെ

സനാതനോൽപത്തി,

അഥവാ,

ദിവ്യപൂജ.

(വി. ജോബ്, പാലാക്കുന്നേൽ.)

ദൈവേഷ്ടപ്രസാദമാകുന്ന അരുവിയെ, നിരർഗ്ഗളമായി പ്രവഹിപ്പിക്കത്തക്കവണ്ണം, എന്നന്നേയ്ക്കും പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നതായി ഒരുറവയുള്ളത് വി. കുർബാനയല്ലാതെ മറ്റൊന്നുമല്ല. വി. കുർബാനയുടെ ഈ അതിരററ മഹത്വത്തിനു കാരണം ദിവ്യരക്ഷകൻ നമുക്കുവേണ്ടി സമർപ്പിച്ച പരമ ബലിയുടെ വൈശിഷ്ട്യമത്രെ. 'ബലി' എന്ന പദം രണ്ടർത്ഥത്തെ കുറിക്കുന്നു. പഴയ നിയമത്തിൽ കാണുന്ന വിധമുള്ള ബലിയർപ്പണങ്ങൾ അതിന്റെ സങ്കുചിതാർത്ഥത്തെ ദ്യോതിപ്പിക്കുന്നു. ഇവിടെ, ബലികർത്താവു തന്റെ ബലികൊണ്ടു ദൈവത്തിനു തന്റെ മേലുള്ള പരിപൂർണ്ണകർതൃത്വത്തെ അനുസരിച്ച് പറയുകയാണ് ചെയ്യുന്നത്. വ്യാപൂവും ഏററം സാധാരണവുമായ അർത്ഥത്തിൽ 'ബലി, എതു ദൈവത്തിനിഷ്ടമാകുന്ന ഏതൊരു സൽപ്രവർത്തിയേയും സൂചിപ്പിക്കുന്നു. പൊതുവെ പറയുന്നതായാൽ ഒന്നാമത്തേതു ബലിയർപ്പണങ്ങളേയും രണ്ടാമത്തേതു ത്യാഗാനുഷ്ഠാനങ്ങളേയും കുറിക്കുന്നു.

മനുഷ്യന്റെ ശക്തി വിഹീനതയും സ്രഷ്ടാവിനോടുള്ള നിസ്സീമമായ കടപ്പാടും വിചാരിക്കുമ്പോൾ അവനു ബലിയോ ത്യാഗമോ കൂടാതെ കഴിയുകയില്ലെന്നു സ്പഷ്ടമാകുന്നു. അതുകൊണ്ടുതന്നെയാണ് ദൈവം 'ബലിയെ പൂർവകാലം മുതൽ അനുമതി നൽകി പ്രോത്സാഹിപ്പിച്ചു വന്നിട്ടുള്ളത്. തനിക്ക് സമർപ്പിക്കുവാനുള്ള 'ബലി'യെ സംബന്ധിച്ചു അദ്ദേഹം പൂർവപിതാക്കന്മാർക്ക് നൽകിയിരുന്ന ഉപദേശങ്ങൾ 'ബലി'യുടെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നു. കടശിയായി, കരുണാനിധിയായ ദൈവം മനുഷ്യന്റെ അവശതാവശ്യങ്ങളെ ദയാപൂർവം തൃക്കൺ പാർത്ത് തന്റെ തിരുപ്പുത്രനെത്തന്നെ മനുഷ്യനു പ്രദാനംചെയ്തു ശാശ്വതമായ ഒരു ബലിലോകത്തിൽ സ്ഥാപിച്ചു. തന്നിമിത്തം അശക്തനായ മനുഷ്യന്, അതിരുകവിഞ്ഞ വിധത്തിൽ, സർവശക്തനായ ദൈവത്തെ വിലതീരാത്ത ബലിവഴിയായി ആരാധിക്കുന്നതിനു സാധിച്ചുവരുന്നു.

ദിവ്യരക്ഷകൻ മനുഷ്യരക്ഷസാധിച്ചതു താൻ കുരിശിന്മേൽ വച്ച് നിത്യപിതാവിനർപ്പിച്ച സ്വകീയ ബലികൊണ്ടാണ്. അവിടെ ബലികർത്താവും ബലിയും താൻതന്നെ ആയിരിക്കുന്നു. ഇതിനേക്കാൾ മേത്തരമായ ഒരു ബലി മനുഷ്യചിന്തയ്ക്കു പ്രാപ്യമല്ല. ഈശോ ഒരു മനുഷ്യൻ മാത്രമായിരുന്നുവെങ്കിൽ തന്റെ ഈ ബലിയുടെ മാഹാത്മ്യം പരിമിതമാകുമായിരുന്നു. തന്നിൽ ദൈവസ്വഭാവം മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ അത് ഒരു 'ബലി,യാകുകയില്ലായിരുന്നു താനും ഏതായാലും വിശുദ്ധപുത്രൻ ദൈവവും മനുഷ്യനും ആയിരിക്കെ തന്റെ ഗാഗുൽത്താമലയിലെ ദിവ്യബലി എല്ലാ ഉദ്ദേശ്യങ്ങളേയും നിറവേററത്തക്കവിധത്തിൽ പരിപൂർണ്ണമായിരിക്കുന്നു. മനുഷ്യനുള്ളകാലത്തോളം ഈ പരമബലിയുടെ മാഹാത്മ്യത്താൽപരിപൂരിതനായിരിക്കേണ്ടതിനു കൃപാമൂർത്തിയായ ദൈവപുത്രൻ പരിശുദ്ധ കുർബാനയും അതിന്റെ നിലനില്പിനത്യാവശ്യമായ വി. പട്ടത്വവും സ്ഥാപിച്ചു. അവസാനത്തെ അത്താഴത്തിന്റെ വേളയിൽ മിശിഹാ സ്ഥാപിച്ച ഈ രണ്ടു കൂദാശകളിൽ അന്തർഭവിച്ചിരിക്കുന്ന ദിവ്യബലിയാണ് തിരുസ്സഭയേയും തൽസന്താനങ്ങളേയും പരിപോഷിപ്പിച്ചുപ്രവർദ്ധമാനമായ പ്രാബല്യത്തോടുകൂടി സദാകാലവും പുരോഗമനം ചെയ്യിച്ചുകൊണ്ടിരിക്കുന്നത്. "Take heed to yourselves and the whole flock, wherein the Holy Ghost hath placed you bishops to rule the church of God, which He hath purchased with His own blood" Acts xx; 28. ഈ വാക്യത്തിൽ നിന്നും ക്രിസ്തു,സഭയെ തന്റെ രക്തം അർപ്പിച്ചാണു പണിതുണ്ടാക്കിയതെന്നു വെളിവാകുന്നു. താൻസ്ഥാപിച്ച പൂജയാകുന്ന വിശുദ്ധ ബലി ഗാഗുൽത്താ മലയിലെ പരമ ബലിതന്നെ. വിശുദ്ധ അപ്പസ്തോലൻ പറയുന്ന "അത്യുന്നത പുരോഹിതനായ ദൈവപുത്രൻ ഈശോ" (Hebr iv; 14.) ദിവ്യപൂജയണയ്ക്കുന്ന പട്ടക്കാരാൽ പ്രതിനിധീകരിക്കപ്പെടുന്നു. അർപ്പിതമാകുന്ന ബലിയും ദിവ്യരക്ഷകൻ തന്നെ. ഈ ദിവ്യപൂജ, സൂര്യോദയം മുതൽ അസ്തമനം വരെ എല്ലായിടത്തും അണയ്ക്കപ്പെടുമെന്നു വി. മലേക്കിയാ ദീർഘദർശിയാൽ പ്രവചിക്കപ്പെട്ടിട്ടുള്ള, ആ ബലി തന്നെയാണ്.

(തുടരും)





വിശുദ്ധ പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ

തിരുനാൾ.

ജൂൺ 29ൻ.

വിശുദ്ധപത്രോസ് പൌലോസ് ശ്ലീഹന്മാരുടെ തിരുനാൾ പതിവുപോലെ ജൂൺ 29ൻ-ാംനു- ആഘോഷിക്കപ്പെടുന്നതും തദവസരത്തിൽ "പത്രോസിന്റെ കാശ്ത്ത്" എന്നു പറയപ്പെടുന്ന ഒരു പണപ്പിരിവു് വിശ്വാസികളിൽ നിന്നെടുത്തു് സഭയുടെ തലവനായ മാർപാപ്പാ തിരുമനസ്സിലേക്കു് അയച്ചുകൊടുക്കുന്നതുമാണു്. ലോകമാസകലം നടത്തപ്പെടുന്ന ഈ നിസ്സാരമായ പണപ്പിരിവിൽ നാമും യഥാശക്തി സഹകരിക്കേണ്ടതാണു്.

കത്തോലിക്ക് സാഹിത്യം.

വേദപ്രകാശം.

—o—

ഗ്രന്ഥകർത്താ

(മൊൺസിഞ്ഞോർ അന്തോനി പുതുശേരി.)

വില രൂപാ ൧ അണ ൨.

മതസംബന്ധമായ മുന്നൂറു ചോദ്യങ്ങളുടെ ഉത്തരങ്ങളാണ് ഞങ്ങളുടെ മുൻപിലിരിക്കുന്ന "വേദപ്രകാശം" എന്ന സുദീർഘ ഗ്രന്ഥത്തിലെ ഉള്ളടക്കം. മനുഷ്യന്റെ യഥാർത്ഥഭാഗ്യം അവൻ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു ശുശ്രൂഷിക്കുന്നതിലാണു സ്ഥിതിചെയ്യുന്നതെങ്കിലും അവിശ്വാസവും മതനിഷ്പക്ഷതയും ആണു സർവത്ര നാം കണ്ടുവരുന്നത്. ഈ വിനാശകരമായ മനഃസ്ഥിതി കത്തോലിക്കരെ സംബന്ധിച്ച് അത്ര ശക്തിയായി കാണപ്പെടുന്നില്ലെങ്കിലും പൊതുജനമദ്ധ്യത്തിൽ കാണപ്പെടുന്ന ഈ ശോച്യാവസ്ഥയെ കഴിയുന്നത്ര ദൂരീകരിക്കുന്നതിനു കത്തോലിക്ക വേദശാസ്ത്രജ്ഞന്മാർ എപ്പോഴും ഉദ്യുക്തരായി കാണുന്നു. പണ്ഡിതവിശുദ്ധനായ തോമസ് അക്വീനാസിന്റെയും മൊൺസിഞ്ഞോർ സെഗ്ദറിന്റെയും സബെത്തിഷ്ടപ്പ്, ബെർട്രാൻഡ് എന്നീ വൈദികരുടെയും നാമധേയങ്ങൾ മേൽപറഞ്ഞ പ്രസ്താവനയ്ക്കു വേണ്ടുവോളം ശക്തികൊടുക്കുന്നതാണ്. കേരളീയമതപ്രസംഗകന്മാരുടെ ഗണത്തിൽ അഗ്രഗണ്യനായി തീർന്നിട്ടുള്ള മൊൺസിഞ്ഞോർ ആൻറണി പുതുശേരി അവർകൾ മേൽപറഞ്ഞ സുപ്രസിദ്ധവേദശാസ്ത്രപണ്ഡിതന്മാരുടെ മാതൃകയനുസരിച്ചാണ് പ്രസ്തുത "വേദപ്രകാശം" എന്ന ഗ്രന്ഥം രചിച്ചിട്ടുള്ളത്. ദൈവം, ഭൂമി, മതം, ക്രിസ്തു, വേദപുസ്തകം, പാപ്പാ എന്നിങ്ങനെയുള്ള വിവിധവിഷയങ്ങളെപ്പററി ഇക്കാലത്തുള്ള അവിശ്വാസികളും അക്രൈസ്തവരും അകത്തോലിക്കരും പുറപ്പെടുവിക്കുന്ന വിവിധചോദ്യങ്ങൾക്കു ശരിയായതും ശാസ്ത്രാനുസൃതവുമായ ഉത്തരങ്ങളാണ് ഈ ഗ്രന്ഥത്തിൽ കാണുന്നത്. ഈ ഗ്രന്ഥം കത്തോലിക്കരും ഇതരന്മാരുമായ സകലമലയാളികൾക്കും ഒരുത്തമസഖി ആയിരിക്കുന്നതാണ്.

—*—

തിരുമരണവ്യാകുലഭക്തി.

—*—

(ഗ്രന്ഥകർത്താ മാവുങ്കൽ ജോസഫ് ശമ്മാശൻ)

വില അണ നാ.

വൈദികവിദ്യാർത്ഥിയെന്ന നിലയിൽ തന്നിക്ക കിട്ടുന്ന പരിമിതമായ വിശ്രമസമയത്തെ ശരിയായി വിനിയോഗിച്ചു കത്തോലിക്കാസഹിത്യപോഷണം ചെയ്യുവരുന്ന ദിവ്യശ്രീ മാവുങ്കൽ ജോസഫ് ശമ്മാശൻ അവർകളുടെ ശദ്യപദ്യസമ്മിശ്രവും ഭക്തിസംവർദ്ധകവുമായ ഒരു ചെറുഗ്രന്ഥമാണ ഞങ്ങളുടെ മുൻപിലിരിക്കുന്ന തിരുമരണവ്യാകുലഭക്തി. ഇതുപോലെയുള്ളതും മേൽത്തരവുമായ അനേകകൃതികൾകൊണ്ടു കൈരളിയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടതായ ആയുരാരോഗ്യസമൃദ്ധി ഈ യുവഗ്രന്ഥകർത്താവിനു സർവേശ്വരൻ നൽകുമാറാകട്ടെ എന്നു ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

—*—

പത്രാധിപക്കുറിപ്പുകൾ

സർവജാതീയ ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ ഏഴാമത്തെ സമ്മേളനം ഇക്കഴിഞ്ഞ മെയ് 6 മുതൽ 12 വരെ ദിവസങ്ങളിൽ അത്യന്തം ആഡംബരമായി കഴിഞ്ഞു കൂടിയിരിക്കുന്നു. ആഫ്രിക്കാ ഭൂഖണ്ഡത്തിന്റെ വടക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന ഈ പുരാതന നഗരം ഒരു കാലത്തു റോമാ നഗരത്തെ അതിശയിക്കത്തക്ക പ്രാബല്യത്തിലും വിശ്രുതിയിലും പ്രശോഭിച്ചിരുന്നുവെന്നു പരിശുദ്ധപിതാവ് ഒൻപതാം പീയോ മാർപാപ്പാ തിരുമനസ്സുകൊണ്ടു അഭിപ്രായപ്പെട്ടിരിക്കുന്നു. വിശുദ്ധ സിപ്രിയാനോസ്, വിശുദ്ധ അഗസ്തീനോസ് എന്നീ സഭാപിതാക്കന്മാരുടെ ജന്മദേശവും വിശുദ്ധ ലൂയി രാജാവിന്റെ മരണരംഗവും ആയ കാർത്തേജ് നഗരത്തിൽ ഇടക്കാലത്തു ക്രിസ്തീയശക്തി കുറഞ്ഞുപോകുകയുണ്ടായെങ്കിലും ഇപ്പോൾ ക്രിസ്തുവിന്റെ രാജിതം അവിടെ വർദ്ധിച്ചുവരികയാണ് ചെയ്യുന്നത്. വിശുദ്ധ കുർബാനയെപ്പറ്റി അനേക കൃതികൾ രചിച്ചിട്ടുള്ള വിശുദ്ധ അഗസ്തീനോസിന്റെ 1500-ാം ശതവത്സരപൂർത്തിയും ഈ അവസരത്തിൽ തന്നെ കഴിഞ്ഞുകൂടിയിരിക്കുന്നു.

കാത്തോജിലെ ദിവ്യകാരുണ്യ മഹായോഗം നടന്നുകൊണ്ടിരുന്ന അവസരത്തിൽ തന്നെയാണ് ചേത്തലയിലെ കേരളീയകത്തോലിക്കു കോൺഗ്രസ്സും നടന്നുകൊണ്ടിരുന്നത്. മദ്രാസ് സംസ്ഥാനത്തിലെ കത്തോലിക്കു സമുദായ നേതാക്കന്മാരിൽ അഗ്രഗണ്യനായ മിസ്റ്റർ അരോഗ്യസ്വാമി മുതലിയാർ അവർകളുടെ അദ്ധ്യക്ഷപ്രസംഗം അത്യന്തം പ്രൌഢവും സമുദായാഭിവൃദ്ധികരവും ആയിരുന്നു. ഡാക്ടർ പി. ജെ തോമ്മസ് അവർകളുടെ അദ്ധ്യക്ഷത്തിൽ നടന്ന പ്രസംഗമഹായോഗവും റവ. ഡാക്ടർ അബ്രാഹം വടക്കയിൽ അവർകളുടെ അദ്ധ്യക്ഷത്തിൽ നടന്ന സാഹിത്യസമ്മേളനവും ശ്രീമതി ത്രെസ്യാമ്മ നിധീയിരി അവർകളുടെ അദ്ധ്യക്ഷത്തിൽ നടന്നവനിതാസമ്മേളനവും വളരെ

എല്ലാവരും വാങ്ങി വായിപ്പിൻ!

തിരുഹൃദയാനുകരണം.

തിരുഹൃദയ ഭക്തന്മാർ അവശ്യം വായിച്ചിരിക്കേണ്ടതും അദ്ധ്യാത്മജീവിതത്തിനു് ഏറ്റവും ഉപകരിക്കുന്നതും കുടുംബങ്ങളിൽ "ജ്ഞാനവായന"ക്കു് അത്യുത്തമവും ജൂൺമാസഭക്തിക്കു് ഒഴിച്ചുകൂടാത്തതും പുണ്യപൂർണ്ണതയ്ക്കുതകുന്ന സദുപദേശങ്ങൾ, ധ്യാനങ്ങൾ, പ്രാർത്ഥനകൾ മുതലായവ ധാരാളമുള്ളതുമായ ഒരുവിശിഷ്ടഗ്രന്ഥം. ഇംഗ്ലീഷ്, ഫ്രഞ്ചു് മുതലായ വിദേശഭാഷകളിലുള്ള ഇതിന്റെ പതിപ്പുകൾക്കു അസാമാന്യപ്രചാരം സിദ്ധിച്ചിരിക്കുന്നു. എല്ലാവരും വാങ്ങി വായിപ്പിൻ!!

വില രൂപാ ഫ അണ ഫർ. മാത്രം.

അപേക്ഷിക്കേണ്ടതു മേൽവിലാസം.

മാനേജർ,

"മദ്ധ്യസ്ഥൻ" ബുക്ക്ഡിപ്പോ,

ചങ്ങനാശ്ശേരി.

വിജയരകമായി കഴിഞ്ഞുകൂടിയതിൽ സന്തോഷിക്കുകയും കോൺഗ്രസ്സിന്റെ ഭാവി സർവ്വവിധത്തിലും മംഗളകരമായി തീരുന്നതിനുസർവ്വേശ്വരനെ പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

ചങ്ങനാശേരി രൂപതയുടെ പ്രഥമമെത്രാനായ നി. വ. ദി. ശ്രീ കുര്യാളശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് സ്ഥാപിച്ചിട്ടുള്ള ആരാധനസഭ ഇതിനിടയ്ക്കു ചങ്ങനാശേരി രൂപതയിൽ വളരെ അഭിവൃദ്ധി പ്രാപിച്ചശേഷം എറണാകുളം അതിരൂപതയിലേക്കു പ്രവേശിച്ചു കുരട്ടിയിൽ ജോലി ആരംഭിച്ചിരിക്കുന്നതായി കാണുന്നതിൽ ഞങ്ങൾ അത്യധികം സന്തോഷിക്കുന്നു.

ചങ്ങനാശേരിരൂപതയിലുള്ള കർമ്മലീത്താ സന്യാസിനികളുടെ മദർജനറളായി മുത്തോലി മഠത്തിലുള്ള ക. നി. മൂ. സ. മർഗ്ഗരീത്താ അമ്മയേയും ആരാധനാസഭാംഗങ്ങളുടെ മദർജനറളായി തുരുത്തി മഠത്തിലുള്ള ഫിലോമനാമ്മയേയും നിശ്ചയിച്ചിരിക്കുന്നതായി അറിയുന്നു.

കുറുമ്പനാടം ഇടവകയിൽ ക്ലാരമഠാംഗങ്ങൾക്കു് ഒരു സന്യാസഭവനം പണി പൂർത്തിയായിരിക്കുന്നതായും ജൂൺമാസാദ്യത്തോടുകൂടി കന്യാസ്ത്രീകൾ അവിടെ താമസമുറപ്പിക്കുന്നതായും അറിയുന്നു.

ളാലത്തു നടന്നുകൊണ്ടിരിക്കുന്ന പെൺകുട്ടികൾക്കായുള്ള ഇംഗ്ലീഷ്മിഡിൽസ്കൂൾ ഈ സ്കൂൾവർഷാരംഭത്തോടുകൂടി ഒരു ഹൈസ്കൂളായി ഉയർത്തപ്പെടുന്നതാണു്. കൂടാതെ കർമ്മലീത്താ സന്യാസിനികളുടെ അഭിമുഖ്യത്തിൽ ഒരു ഇംഗ്ലീഷ്മിഡിൽസ്കൂൾ കാഞ്ഞിരപ്പള്ളിൽ തുറന്നുകൊള്ളുന്നതിനു ഗവർമ്മെന്റനുമതി സിദ്ധിച്ചിട്ടുള്ളതായും കാണുന്നു.

ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ പരിശുദ്ധപിതാവു മാർപാപ്പാ തിരുമനസ്സിലേക്കു് ആനുകൂല്യമുണ്ടെന്നും മററുംവത്തിക്കാൻ വാർത്താവിതരണ സംഘക്കാർപ്രസ്താവിക്കുന്നതായി വിദേശവാർത്തകളിൽ കുറെ ആഴ്ചകൾക്കു മുൻപു കാണുകയുണ്ടായല്ലൊ. എന്നാൽ ഇപ്രകാരമുള്ള ഒരു വത്തിക്കാൻ വാർത്താവിതരണസംഘം ഇതേവരെ ഉണ്ടായിട്ടില്ലെന്നു വിശ്വാസ യോഗ്യമായ അറിവു് പല വിദേശ കത്തോലിക്കു് പത്രങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സ്ഥതിക്കു് റോയിടർ ഏജൻസിയെ തല്ക്കാലം അവിശ്വസിക്കുകയേ തരമുള്ളു.

കഴിഞ്ഞ കൊല്ലംവരെ വിശാഖപട്ടണം രൂപതയിൽ ജോലിചെയ്തിരുന്ന ഒരു വിദേശ കന്യാസ്ത്രി ൯൦൦൦൦ ശിശുക്കളെ മാമ്മോദീസാ

മുക്കിയിട്ടുള്ളതായി അവരുടെ മരണാനന്തരം തദ്ദേശ മെത്രാൻ പരസ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഒരു കാളവണ്ടിയിൽ കയറി ഗോദാവരീ തീരത്തിലുള്ള കുന്നുംകുഴിയും കടന്ന് ഈ ധീരയായ കന്യാസ്ത്രീ കഴിച്ചിട്ടുള്ള വേദപ്രചാര വേലകളെ ഇന്നും ആദേശവാസികൾ കൊണ്ടാടി വരുന്നുവത്രെ.

ബെൽജിയം രാജ്യത്തിൽ കുറെക്കാലങ്ങൾക്കു മുൻപായി ഒരു പുതിയ വേദപ്രചാരണ പ്രസ്ഥാനം തുടങ്ങിയിരിക്കുന്നു. ആയതിന്റെ മുഖ്യമായ ഉദ്ദേശ്യം സന്യാസാശ്രമങ്ങൾ സ്ഥാപിക്കുകയും, ഈ ആശ്രമങ്ങൾ വേദപ്രചാരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്കെ എന്നതാകുന്നു. അക്രൈസ്തവരാജ്യങ്ങളിലെ വേദപ്രചാരത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നുള്ള ഏകകൃത്യംമാത്രം ശിരസ്സാവഹിച്ചുകൊണ്ടു ക്രിസ്തുവിന്റെ രാജിതവർദ്ധനവിനുവേണ്ടി ആ ഭക്താത്മാക്കൾ നിരന്തരം യത്നിച്ചുപോരുന്നു. ഇതുപോലെയുള്ള എട്ടാശ്രമങ്ങൾ ഇംഗ്ലണ്ടിലും പത്താശ്രമങ്ങൾ അമേരിക്കൻ ഐക്യനാടുകളിലും ൨൪ ആശ്രമങ്ങൾ ക്യാനഡയിലും ഏതാനും ആശ്രമങ്ങൾ അയർലണ്ടിലും ഉണ്ടത്രെ. ഈ ദൃശസ്ഥാപനങ്ങളിൽ ഒന്നായ ബ്രൂക്ക്‌ലിൻ എന്ന അമേരിക്കൻ ആശ്രമസ്ഥന്മാർ മലയാളത്തിലുള്ള വരാപ്പുഴ അതിരൂപതയിലെ വേദപ്രചാരത്തിനുവേണ്ടി ദൈവാനുഗ്രഹം അപേക്ഷിച്ചുകൊണ്ടു വരുന്നുണ്ടത്രെ! ഇതെത്രയോ സന്തോഷജനകം! എത്രയോ അനുകരണീയം!! എത്രയോ പ്രയോജനകരം!!!

ഉപന്യാസമത്സരം

—o—

കഴിഞ്ഞലക്കത്തിൽ ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നതനുസരിച്ച് ഇവിടെ ഒട്ടധികം വിദ്യാർത്ഥികളുടെ ഉപന്യാസങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവയെല്ലാം പരിശോധിച്ചു യോഗ്യതാനിർണ്ണയം ചെയ്യുന്നതിന് ഇതേവരെ സാധിച്ചുകഴിഞ്ഞിട്ടില്ലാത്തതിനാൽ ഉപന്യാസമത്സരഫലം അടുത്തമാസത്തിൽ മാത്രമേ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ എന്നുള്ള വസ്തുത ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ

ഉപകാരസ്മരണകൾ.

വിശുദ്ധയൌസേപ്പുപിതാവിന്റെയും വിശുദ്ധകൊച്ചുത്രേസ്യായുടേയും പ്രത്യേകസഹായത്താൽ ഒരാളിന്റെ ക്ഷുദ്രപ്രയോഗത്തിൽനിന്നു രക്ഷകിട്ടിയതിനുപകാരസ്മരണ ഫ്രൂ.

തോപ്പിൽ പോത്തൻ മത്തായി ചങ്ങനാശേരി.

എന്റെ ഭാര്യയുടെ ശ്വാസംമുട്ടൽ എന്ന ദീനത്തിനു വിശുദ്ധകൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥത്താൽ ഭേദമായതിനു ഫ്രൂ.

കോട്ടക്കുഴിവിൽ ദേവസ്യാ ദേവസ്യാ ചങ്ങനാശേരി.

വിശുദ്ധകൊച്ചുത്രേസ്യായുടെയും വിശുദ്ധ അന്തോനീസിന്റെയും സഹായത്താൽ കഠിനമായ ഒരു സുഖക്കേടു സുഖമായതിനു ഫ്രൂ.

വി. കെ. ജോസഫ് തുടങ്ങനാട്ട്.

—o—

കത്തീഡ്രിക്കായ്മ

—o—

ബ. അച്ചന്മാരുടെ സ്ഥലംമാറ്റം.

പോത്തുക്കര	ബ.	തോമ്മാ	ക.	കൈനകരി	അസിസ്റ്റന്റി
അക്കരക്കളം	"	യാക്കോബ്	"	തത്തമ്പള്ളി	"
കുരിയാസിൽ	"	കുഞ്ഞാക്കോസ്	"	എടത്വാ	"
തെക്കേത്തോട്ടം	"	യാക്കോബ്	"	ചങ്ങനാശേരി	"
കുഴമ്പിൽ	"	ദേവസ്യാ	"	ചെറുവാണ്ടൂർ	"
പനച്ചിക്കൽ	"	മിഖായേൽ	"	കടനാട്	"
കിഴക്കേക്കര	"	മത്തായി	"	രാമപുരം	"
തലച്ചിറ	"	മത്തായി	"	അരിവിത്തുറ	"
കൈമ്മളേട്ട്	"	യൗസേപ്പ്	"	കുരുവള്ളി നടത്തുകാരൻ	
കൈതപ്പറമ്പിൽ	ബ.	യൗസേപ്പ്	"	മണിമല പുത്തൻ	വികാരി
ഓലിക്കൽ	"	ഗീവറുഗീസ്	"	വാഴൂർ	"
വാഴയ്ക്കൽ	"	യൗസേപ്പ്	"	വേഴപ്രാ	"

വി. ജി.

—o—

വരിക്കാക്കു പ്രത്യേക വിജ്ഞാപനം.

മദ്ധ്യസ്ഥൻ മാസികയുടെ രണ്ടാം പുസ്തകം ഇതാ കൂടി അവസാനിച്ചിരിക്കുന്നു. ഇതേവരെ വരിപ്പണം അടയ്ക്കാതെ കുടിശിക വരുത്തിയിരിക്കുന്നവർ അവരവർ അടയ്ക്കാനുള്ള സംഖ്യ ഉടനെതന്നെ അയച്ചുതന്നു ഞങ്ങളെ സഹായിപ്പാനപേക്ഷ.

മൂന്നാംപുസ്തകം മുതൽ മാസിക വരിസംഖ്യ ഒരു രൂപ ആയിരിക്കുന്നതും എന്നാൽ അടുത്ത ജൂലൈ നാം-ാം നു-യ്ക്കം ഇവിടെ വരിസംഖ്യ അയച്ചു തരുന്നവക്കു് പതിവുപോലെയുള്ള ഫർ ണ. സൌജന്യനിരക്കു് കൊടുക്കുന്നതുമാണു്. പോസ്റ്റാഫീകെയുള്ളവക്കെല്ലാം മേലാൽ ഈ സൌജന്യ നിരക്കു് ഉപകരിക്കുന്നതായിരിക്കും.

എന്നു് മാനേജർ
"വേദപ്രചാര മദ്ധ്യസ്ഥൻ"
ചങ്ങനാശ്ശേരി.

വിൽപാൻ തയാർ.

—o—

മനോഹരമായ വേല! മിതമായവില!

St. Joseph's Emberoidery Works. Changanacherry.

കർബാനക്കുപ്പായം മുതലായ തിരുവസ്ത്രങ്ങളും വിൽപനയ്ക്കുണ്ടു്.

ജേക്കബ് സി. കല്ലുകളം,
അരമനഗയിറു്, ചങ്ങനാശ്ശേരി.

ഹാർമ്മോണിയങ്ങൾ.



ഇവിടെ എല്ലാത്തരത്തിലുമുള്ള ചവിട്ട് ഹാർമ്മോണിയങ്ങളും, ഹാൻഡ് ഹാർമ്മോണിയങ്ങളും, റീഡ്സ്, സിലലോയിഡ് മുതലായ ഫിറ്റിംഗ്സുകളും എപ്പോഴും മിതമായ വിലയ്ക്കു കൊടുപ്പാൻ തയ്യാർ. ഏജൻസി ആവശ്യമുണ്ട്. ആവശ്യക്കാർതാഴെകാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

എം. റ്റി. ജേക്കബ്
മണ്ണമ്പിലാക്കൽ. A. O. ചിറക്കടവ്
P. O. കാഞ്ഞിരപ്പള്ളി.

സെണ്ട്റൽബാങ്ക്
(ക്ലിപ്തം) പാലാ.

ഡിപ്പോസിറ്റുകൾ സ്വീകരിച്ചു് താഴെ കാണുന്ന നിരക്കിൽ പലിശ കൊടുക്കപ്പെട്ടും.

കറൻറ് ഡിപ്പോസിറ്റ്	....	ന്യ ശതമാനം.
സേവിംഗ്സ്	....	ൽ ,,
സ്ഥിരം ആറു മാസത്തേക്ക്	....	ൽ ,,
,, ഒരു വർഷത്തേക്ക്	....	ൻ ,,
,, രണ്ടുവർഷത്തേക്കും അധികവും		ഫ ,,

കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

കയ്യാലക്കകത്ത് ജോസഫ് അഗസ്തി,
മാനേജിംഗ് ഡയറക്ടർ.

കേ. സി. സി. റ്റെ. സെൻട്റൽ ഡിപ്പോ

മാന്നാനം.

സ്ഥലച്ചുരുക്കത്താൽ ഡിപ്പോയിൽ വില്പാനുള്ള പുസ്തകങ്ങളിൽ പ്രധാനപ്പെട്ടവയുടെ പേരുകൾ താഴെ ചേർക്കുന്നു.

	Rs.	as.	p.
നിത്യാരാധന	2	0	0
കൃപാനിധി	1	4	0
സംഗ്രഹം	0	8	0
ദിനചര്യം	0	4	0
നന്മരണപ്രാർത്ഥന	0	12	0
ഒരു മണി ആരാധന	0	8	0
സപ്തപാഠ	0	10	0
ഗൃഹസഖി	0	6	0
ബാലഭൂഷണം	0	2	0
കുടുംബപ്രതിഷ്ഠ	0	2	0
Golden Key	1	0	0
കൂട്ടിക്കെത്തിയ വണക്കം	1	4	0
മാതാവണക്കം	0	12	0
യെശു. പിതാ. വണക്കം	0	12	0
ശ്രുതീകര വണക്കം	0	12	0
തിരു. ഹൃദയവണക്കം	0	10	0
അമലോത്ഭവവണക്കം	0	10	0
മാലാഖവണക്കം	0	10	0
വ്യാകുല വണക്കം	0	12	0
വ്യാകുലഭംഗപ്പാട്ട്	0	14	0
വ്യാകുലപ്രസംഗം	0	4	0
ഈശോ മ്ശി. ജീ. ച.	0	5	9
4 തിരുഹൃദയാനുകരണം	1	14	0
വേദപുസ്തകംരാജാക്കന്മാർ	1	2	0
ക്രിസ്താനുകരണം	1	0	0

	Rs.	as.	p.
വിശുദ്ധഗ്രന്ഥം പ. നി. സ്വ.	0	8	0
വേദാഗമ ച. പ. നി.	0	8	0
ടി. പു. നിയമം.	0	8	0
വി. പൌ. ലേഖനം	1	0	0
പ്രൂത്തപുരാൻ	0	15	0
വലിയ വേദോപദേശം	1	0	0
വേദോപദേശസംക്ഷേപം	0	3	0
സത്യവേദപ്രകാശിക	0	5	0
ശ്രീയേശുവിജയം	1	0	0
പർവം അഞ്ചും അത്ഥത്തോട്ടുകൂടിയതു്.	1	0	0
വി. ഗീതമാല	0	3	6
പുത്തൻപാന	0	3	6
സംഗീതമഞ്ജരി	0	2	0
ഭക്തഗാനമാലിക	0	2	3
ജ്ഞാനസുന്ദരീചരിത്രം	0	12	0
മുട്ടുളപ്പുട്ടാളം	0	5	0
കാലകോലാഹലം	0	6	0
വിശ്വാസവിജയം	0	6	0
ഭക്തധീരൻ	0	3	0
ദൈവയോഗം	0	2	0
തത്വവാദി	0	8	0
പരമസത്യങ്ങൾ	0	2	3
ലേഖനമാലിക	0	3	0

N B. വേദസംബന്ധമായ പുസ്തകങ്ങൾ, വലതരം കൊന്ത, കാശുരൂപം, കുരിശുരൂപം, കടലാസുരൂപം മുതലായ ഭക്തികൂടുത്ത സാമാനങ്ങൾ ഈ ഡിപ്പോയിൽ എപ്പോഴും വിൽപനയുണ്ടായിരിക്കുന്നതാണു്.

മാനേജർ.

"മദ്ധ്യസ്ഥൻ" ബുക്ക്ഡിപ്പോവിൽ

ൽപാനുള്ള പുസ്തകങ്ങൾ.

	Rs.	as.	p.
Holy Bible	4	4	0
Imitation of Christ	0	12	0
New Testament	0	12	0
വേദോപദേശം	0	3	6
രാജാക്കന്മാരുടെ പുസ്തകം	1	2	0
ശ്രീയേശുക്രിസ്തു	1	8	0
ശ്രീയേശുവിജയം മഹാകാവ്യം മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള	1	0	0
തീർത്ഥയാത്രാസ്മരണകൾ റവ.സിറിയക്കുപ്പിൽ	0	8	0
തിരുഹൃദയാനുകരണം	1	14	0
കേരളത്തിലെക്രൈസ്തവമതം കെ. ഇ. ജോബ് M. A. L. T.	1	0	0
ഹിന്ദുമതതത്വശാസ്ത്ര നിരൂപണം	1	10	0
മഹാദേവയ്യർ	0	8	0
പ്രത്യക്ഷപ്രമാണവും ദാനിയേൽ നിരൂപണവും	0	4	0
ഒരു കത്ത് വി. ഒ. വ ക്രീസ് വാളക്കുഴി	0	3	0
പാപ്പായുടെ അധിപത്യവും മിസ്റ്റർ കെ. എൻ. ഡാനിയേലും കെ.സി.തോമസ് B. A. L. T.	0	8	0

	Rs.	as.	p.
ഗൃഹോപദേശിക	0	8	0
പതിനെട്ടലക്ഷം ഈഴവക്കു കൂസുവല്ലാതെ ഗ്രന്ഥരമില്ലുസി.എൻ.മാധവൻപിള്ള M.A.B.L.	10		0
ഫ്റഡറിക്ക് ഒസ്സാനാം	0	8	0
കോട്ടയം കോൺഫറൻസുപ്രസംഗങ്ങൾ	0	8	0
ശ്രീയേശുസന്ദേശം	0	4	0
തത്വവാദി	0	8	0
ഒരു വഞ്ചിയോ പലവഞ്ചിയോ	0	2	0
മതനിഷ്കൃഷ്ടത റൈറ്റ റവ. മെ. ആൻറണി പുതുച്ചേരി	0	1	0
സത്യാന്വേഷികൾക്കു ശ്രവണഹീയുഷം	0	1	4
കത്തോലിക്കാസഭയുംവേദപുസ്തകവും റവ. സ്റ്റാറിയാ പുവത്തുങ്കൽ	0	1	0
കത്തോലിക്കാസഭഎന്താ യിരിക്കുന്നില്ല? റവ. ഫാദർ കാർട്ടി S. J.	0	1	0
അടക്കളം	0	2	0
ജോവാന ഓഫ് ആർക്ക്	0	10	0
പരമസത്യങ്ങൾ	0	2	3
ലേഖനമാലിക	0	3	0

അപേക്ഷിക്കേണ്ടതു മേൽവിലാസം,

മാനേജർ, മദ്ധ്യസ്ഥൻബുക്ക്ഡിപ്പോ,

ചങ്ങനാശ്ശേരി.

Printed and published by *Rev. Fr. M. Alakalam* at the St. Joseph's Orphanage Press: Changanacherry.